09
2025
ആഗസ്റ്റ്
ശനി
കർക്കിടകം 24

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No. 204 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-204 | പേജ് 4. വില 2.00 രൂപ






02 ദേശീയപാത 66 – ഗുണനിലവാരം ഉറപ്പാക്കണം: മന്ത്രി

03 ആക്രമിക്കപ്പെടുന്നത് ക്രൈസ്തവ ന്യൂനപക്ഷം മാത്രമല്ല, രാജ്യത്തിന്റെ ഭരണഘടന കൂടിയാണ്

04 വിനായകൻ പൊതുശല്യമായി മാറുന്നു, സർക്കാർ പിടിച്ചുകെട്ടി ചികിത്സിക്കണം


# പുതിയ ആദായ നികുതി ബിൽ പിൻവലിച്ച് കേന്ദ്രം

## പരിഷ്കരിച്ച പതിപ്പ് വീണ്ടും പാർലമെന്റിലേക്ക്, 11ന് അവതരിപ്പിക്കും

പുതുതായി അവതരിപ്പിച്ച ആദായ നികുതി ബിൽ പിൻവലിച്ച് കേന്ദ്രസർക്കാർ. നികുതിദായകർക്കും ചാർട്ടേഡ് അക്കൗണ്ടന്റുമാർ ഉൾപ്പെടെയുള്ള നികുതി വിദഗ്ധർക്കും മനസ്സിലാക്കാൻ 'കഠിനകഠോരമായ', 60 വർഷം പഴക്കമുള്ള ആദായ നികുതി നിയമത്തിനു പകരം ഈ വർഷം ഫെബ്രുവരി 13ന് പാർലമെന്റിൽ അവതരിപ്പിച്ച ബില്ലാണ് പിൻവലിച്ചത്. ആശയക്കുഴപ്പങ്ങൾ ഒഴിവാക്കി, പരിഷ്കരിച്ച ബിൽ ഓഗസ്റ്റ് 11ന് പാർലമെന്റിൽ അവതരിപ്പിക്കും. ബൈജയന്ത് പാണ്ഡ അധ്യക്ഷനായ സിലക്ട് കമ്മിറ്റിയുടെ ശുപാർശകൾ പ്രകാരമാണ് പുതിയ ബില്ലും പരിഷ്കരിച്ചത്.

സർക്കാരിന് റിലയൻസ് ഇൻഡസ്ട്രീസിന്റെ 'വമ്പൻ' ചെക്ക്! 'സംഭാവന' 2 ലക്ഷം കോടി, ശമ്പളമില്ലാതെ ജോലി ചെയ്ത് മുകേഷ് അംബാനി

നിലവിലെ ആദായനികുതി നിയമം-1961ന് പകരമാണ് കഴിഞ്ഞ ഫെബ്രുവരിയിൽ കേന്ദ്രം പുതിയ ബിൽ (ആദായ നികുതി ബിൽ -2025) അവതരിപ്പിച്ചത്. നിയമങ്ങളിലും ചട്ടങ്ങളിലും മാത്രമല്ല, ആദായനികുതി റിട്ടേൺ സമർപ്പണത്തിലും നികുതിദായകരുടെ സൗകര്യാർഥം മാറ്റങ്ങൾ പുതുതായി അവതരിപ്പിക്കുന്ന ഇൻകം ടാക്സ് ബിൽ-2025ൽ ഉണ്ടാകും.

റബറിന് തീരുവപ്പേടി; വെളിച്ചെണ്ണ വില താഴേക്ക്, കുരുമുളകിന് തിരിച്ചുകയറ്റം, ഇന്നത്തെ അങ്ങാടി വില ഇങ്ങനെ

എല്ലാവർക്കും എളുപ്പത്തിൽ മനസ്സിലാക്കാനാവുക, നൂലാമാലകൾ ഒഴിവാക്കി നികുതി റിട്ടേൺ സമർപ്പണം സുഗമമാക്കുക, തർക്കങ്ങൾ ഒഴിവാക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് പു




തിയ നിയമം കൊണ്ടുവരുന്നത്. അതേസമയം, നികുതി നിരക്കുകളിൽ മാറ്റമുണ്ടാകില്ല. പ്രോപ്പർട്ടി ഇൻകം, പ്രോപ്പർട്ടി, പെൻഷൻ ഡിഡക്ഷനുകൾ എന്നിവയിലും നികുതിദായകർക്ക് അനുകൂലമായ മാറ്റങ്ങൾ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

ഇക്കഴിഞ്ഞ ജൂലൈ 21ന് ആണ് സിലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത്. 4,500 പേജുകളിലായി 285 നിർദേശങ്ങൾ സമിതി നൽകിയിട്ടുണ്ട്. ഇവ പരിഗണിച്ചാണ് പരിഷ്കരിച്ച ബിൽ അവതരിപ്പിക്കാനുള്ള തീരുമാനമെന്ന് ധനമന്ത്രി നിർമല സീതാരാമനും വ്യക്തമാക്കി. പുതിയ നിയമത്തിൽ ഭാഷയും വാക്കുകളും ലളിതമായിരിക്കും. ഗുരുതരമല്ലാത്ത പിഴവുകൾക്കുള്ള ശിക്ഷയും പിഴയും മറ്റും കുറയ്ക്കും. ആദായ നികുതി സ്ലാബ്, മൂലധന നേട്ട നികുതി, സമയപരിധി തുടങ്ങിയവയിലും മാറ്റമുണ്ടാകില്ല.

നിലവിൽ ആദായനികുതി സംബന്ധിച്ച മാറ്റങ്ങൾക്ക് സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസിന് (സിബിഡിടി) പാർലമെന്റിന്റെ അനുവാദം ആവശ്യമാണ്. പുതിയ നിയമം വരുന്നതോടെ സിബിഡിടിക്കും കരുത്തേറും. ആദായനികുതി സ്കീമുകൾ, വ്യവസ്ഥകൾ തുടങ്ങിയവ സംബന്ധിച്ച് സിബിഡിടിക്ക് സ്വതന്ത്രമായി തീരുമാനമെടുക്കാനാകും. ഉദ്യോഗസ്ഥതല കാലതാമസവും മറ്റും ഒഴിവാക്കാനാണിത്.

നിലവിലെ ആദായ നികുതി നിയമം-1961ൽ ഇതിനകം 4,000ഓളം ഭേദഗതികൾ വന്നിട്ടുണ്ട്. 5 ലക്ഷത്തിറേ വാക്കുകളുമുണ്ട്. ഇത് പുതിയ ബില്ലിൽ ഏകദേശം പാതിയായി കുറച്ചു. എംഎസ്എംഇകൾ, മറ്റ് ചെറുകിട ബിസിനസ് സംരംഭകർ, സാധാരണക്കാർ തുടങ്ങിയവർക്ക് അനുയോജ്യമായ വിധമാണ് ബിൽ പരിഷ്കരിച്ചത്.

## പതിനൊന്നാം ക്ലാസിൽ ഇനി പൊതുപരീക്ഷ ഇല്ല

ചെന്നൈ: പുതിയ സ്കൂൾ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ച് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ. തമിഴ് ഭാഷയുടെ പ്രാധാന്യത്തിന് ഊന്നൽ നൽകുന്നതാണ് പുതിയ നയം. ദ്വിഭാഷ നയത്തിൽ മാറ്റമില്ലെന്ന് സ്റ്റാലിൻ വ്യക്തമാക്കി.

വിദ്യാർഥികൾ ഇംഗ്ലീഷ്, തമിഴ് എന്നീ രണ്ട് ഭാഷാ വിഷയങ്ങൾ മാത്രമേ പഠിക്കേണ്ടതുള്ളൂവെന്നും മൂന്നാം ഭാഷ വേണ്ടയെന്നുമാണ് പുതിയ നയം. പതിനൊന്നാം ക്ലാസിൽ ഇനി പൊതുപരീക്ഷ ഇല്ല. വിദ്യാർഥികൾ മനപാഠം പഠിക്കുന്നതിന് പകരം ചിന്തിക്കാനും പ്രവർത്തിക്കാനും പ്രോത്സാഹനം നൽകുന്നു. സമത്വവും യുക്തിചിന്തയും ശാസ്ത്രബോധവും കായിക പരിശീലനവും കുട്ടികൾക്ക് നൽകുന്നതിലൂന്നിയാണ് പുതിയ നയം.

## അമ്പൂരിയിൽ കെണിയിൽനിന്ന് രക്ഷപ്പെട്ട പുലിയെ മയക്കുവെടിവച്ച് പിടികൂടി

തിരുവനന്തപുരം: അമ്പൂരിയിൽ കെണിയിൽനിന്ന് രക്ഷപ്പെട്ട പുലിയെ മയക്കുവെടിവച്ച് പിടികൂടി. പന്നിക്കുവച്ച കെണിയിൽ കുടുങ്ങിയ പുലി മയക്കുവെടിവയ്ക്കുന്നിതിനിടയിൽ രക്ഷപ്പെടുകയായിരുന്നു.

പിന്നാലെ വനംവകുപ്പ് അധികൃതർ നടത്തിയ പരിശോധനയിൽ പുലിയെ കണ്ടെത്തി മയക്കുവെടിവയ്ക്കുകയായിരുന്നു. അമ്പൂരി ചാക്കപ്പാറ കള്ളിമൂടിലാണ് വെള്ളിയാഴ്ച രാവിലെ പുലി കെണിയിൽ കുടുങ്ങിയത്.

കാരിക്കുഴി സെറ്റിൽമെൻറിൽ പന്നിയെ പിടികൂടുന്നതിനായി ഇട്ടിരുന്ന വലയിലാണ് പുലി കുടുങ്ങിയത്. ഫോറസ്റ്റ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി മയക്കുവെടിവയ്ക്കാൻ ഒരുക്കങ്ങൾ പൂർത്തിയാക്കിയപ്പോഴേക്കും പുലി രക്ഷപ്പെട്ടു.

ആദ്യ റൗണ്ട് മയക്കുവെടിവെച്ചതിന് പിന്നാലെ പുലി വസ്തു ഉടമ സുരേഷിനെ ആക്രമിച്ചു. തുടർന്ന് രണ്ടാമത്തെ മയക്കുവെടിവെച്ചപ്പോൾ പുലി വല പൊട്ടിച്ച് രക്ഷപ്പെടുകയായിരുന്നു. പരിക്കേറ്റ സുരേഷിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

രക്ഷപ്പെട്ട പുലി ജനവാസ മേഖലയിലേക്ക് നീങ്ങിയതോടെ പ്രദേശവാസികൾ ആശങ്കയിലായി. തുടർന്ന് നടത്തിയ പരിശോധനയിൽ പുലിയെ കണ്ടെത്തി മയക്കുവെടിവച്ച് പിടികൂടുകയായിരുന്നു.

## പുതിനുമായി ചർച്ച നടത്തി മോദി; ഇന്ത്യയിലേയ്ക്ക് ക്ഷണം, സഹകരണം കൂടുതൽ ദൃഢമാക്കും

ന്യൂഡൽഹി: യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ തീരുവ ഭീഷണിക്കിടയിൽ റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുതിനുമായി ഫോണിൽ ചർച്ച നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. യുക്രൈനിലെ പുതിയ സംഭവവികാസങ്ങളും ഉഭയകക്ഷി അജണ്ടയിലെ പുരോഗതിയും ഉൾപ്പെടെ സുപ്രധാനമായ നിരവധി



വിഷയങ്ങളിൽ വിശദമായ ചർച്ച നടത്തിയതായി പ്രധാനമന്ത്രി എക്സിൽ കുറിച്ചു.

'യുക്രൈനിലെ ഏറ്റവും പുതിയ സംഭവവികാസങ്ങൾ പുതിൻ പങ്കുവെച്ചു. ഇന്ത്യ-റഷ്യ ഉഭയകക്ഷി അജണ്ടയിലെ പുരോഗതിയും വിലയിരുത്തി. കൂടാതെ ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാനുള്ള പ്രതിബദ്ധത ആവർത്തിച്ച് ഉറപ്പിച്ചു'. ഈ വർഷം അവസാനം പ്രസിഡന്റ് പുതിനെ ഇന്ത്യയിലേക്ക് സ്വാഗതം ചെയ്യാൻ ആഗ്രഹിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

## കോഴിക്കോട് മെഡിക്കൽ കോളജിലെ ഐസിയു പീഡന കേസ്; പ്രതിയെ പിരിച്ചുവിട്ടു

കോഴിക്കോട്: മെഡിക്കൽ കോളജ് ഐസിയു പീഡന കേസ് പ്രതിയായ അറ്റൻഡർ എ.എം. ശശീന്ദ്രനെ സർവീസിൽ നിന്ന് പിരിച്ചു വിട്ടു.

കോഴിക്കോട് മെഡിക്കൽ കോളജ് പ്രിൻസിപ്പലിൻറേതാണ് ഉത്തരവ്. ആഭ്യന്തര അന്വേഷണ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് നടപടി. ഇയാളെ പിരിച്ചു വിടണമെന്ന് മെഡിക്കൽ കോളജ് ഭരണ നിർവഹണ വിഭാഗം ശിപാർശ നൽകിയിരുന്നു.

2023 മാർച്ച് 18 നാണ് തൈറോയ്ഡ് ശസ്ത്രക്രിയ കഴിഞ്ഞ് തീവ്രപരിചരണവിഭാഗത്തിൽ ചികിൽസയിൽ കഴിഞ്ഞ യുവതിയെ ആശുപത്രി അറ്റൻഡർ എം.എം. ശശീന്ദ്രൻ പീഡിപ്പിച്ചത്.

സസ്പെൻഷനിലായിരുന്ന പ്രതിയെ സർവീസിൽ നിന്ന് പിരിച്ചുവിടണമെന്ന് അതിജീവിതയും ആശുപത്രിയിലെ മറ്റ് ജീവനക്കാരും ആവശ്യപ്പെട്ടിരുന്നു. ആഭ്യന്തര സമിതിയുടെ അന്വേഷണത്തിൽ ഇയാൾ തെറ്റുക്കാരനാണെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു.

ഈ ഉത്തരവിലാണ് ഇപ്പോൾ കോഴിക്കോട് മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഒപ്പുവെച്ചിരിക്കുന്നത്. ഉത്തരവ് ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്.

## സ്വകാര്യബസ്സുകൾക്ക് സമയപ്പൂട്ടിട്ട് ഹൈക്കോടതി

സ്വകാര്യ ബസുകളുടെ മത്സരയോട്ടവും അപകടങ്ങളും നിത്യസംഭവമായ പശ്ചാത്തലത്തിൽ ബസുകളുടെ സമയക്രമം മാറ്റാൻ നിർദേശവുമായി കേരളാ ഹൈക്കോടതി. ബസുകളുടെ സമയങ്ങൾ തമ്മിലുള്ള ഇടവേള വർധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചതിന് പിന്നാലെയാണ് ഇക്കാര്യത്തിൽ ഹൈക്കോടതിയും ഇടപെട്ടിരിക്കുന്നത്. നഗരപ്രദേശങ്ങളിൽ ബസുകൾ തമ്മിൽ അഞ്ച് മിനിറ്റിന്റെയും ഗ്രാമപ്രദേശങ്ങളിൽ പത്ത് മിനിറ്റിന്റെയും ഇടവേളയാണ് സർക്കാർ നിർദേശിച്ചിരിക്കുന്നത്.

സംസ്ഥാനത്ത് ഉടനീളം സ്വകാര്യ ബസുകളുടെ മത്സരയോട്ടം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഗതാഗത കമ്മീഷണർ തന്നെയാണ് ബസുകളുടെ സമയക്രമത്തിൽ മാറ്റം വരുത്തുന്ന കാര്യം നിർദേശിച്ചത്. ഇക്കാര്യം ഇന്ന് സർക്കാർ ഹൈക്കോടതിയെ അറിയിക്കുകയായിരുന്നു. ബസുകളുടെ സമയക്രമം സംബന്ധിച്ച തീരുമാനം എടുക്കേണ്ടത് ആർടിഒ തലത്തിലായതിനാൽ തന്നെ ഈ നിർദേശം സംസ്ഥാനത്തെ എല്ലാ ആർടി ഓഫീസിലേക്കും നൽകിയിട്ടുണ്ട്.

സ്വകാര്യ ബസുകളുടെ മത്സരയോട്ടങ്ങളും അവയുണ്ടാക്കുന്ന അപകടങ്ങളും നിത്യസംഭവമാകുകയും ഇവയെല്ലാ കോടതി മുന്നിൽ എത്തുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ സമയക്രമത്തിൽ വരുത്തുന്ന മാറ്റം എത്രയും വേഗത്തിൽ നടപ്പാക്കണമെന്നാണ് ഹൈക്കോടതി സർക്കാരിനോട് നിർദേശിച്ചിരിക്കുന്നത്. എന്നാൽ, ഈ കാര്യത്തിൽ ബസ് ഉടമകളുടെ നിലപാട് നിർണായകമാണ്. അവരുമായുള്ള ചർച്ചകൾക്ക് ശേഷമായിരിക്കും ആർടിഒ ഉദ്യോഗസ്ഥർ ഇത് നടപ്പാക്കുക.

കേരളത്തിലെ പല നഗരപ്രദേശങ്ങളിലും രണ്ട് മിനിറ്റിന്റെ വ്യത്യാസത്തിലാണ് ബസുകൾക്ക് പെർമിറ്റ് അനുവദിച്ചിരിക്കുന്നത്. ഇതിനൊപ്പം ഗതാഗതക്കുരുക്ക് ഉണ്ടാകുന്നതോടെ സമയത്തിന് എത്തുന്നതിനായി ബസുകൾ അമിതവേഗത്തിലും പോകുകയും മത്സരിച്ച് ഓടുകയുമാണ് ചെയ്യുന്നത്. ഈ അവസ്ഥയ്ക്ക് മാറ്റം കൊണ്ടുവരുന്നതിനുള്ള നിർദേശമാണ് ഗതാഗത കമ്മീഷണർ നൽകിയിരിക്കുന്നത്.

## രാജ്യത്ത് 81 വിമാനത്താവളങ്ങൾ നഷ്ടത്തിലാണെന്നു കേന്ദ്രം

ന്യൂഡൽഹി: രാജ്യത്ത് 81 വിമാനത്താവളങ്ങൾ നഷ്ടത്തിലാണെന്നും 22 എണ്ണം പ്രവർത്തനരഹിതമാണെന്നും കേന്ദ്ര സർക്കാർ. രാജ്യസഭയിൽ ജെബി മേത്തർ ഉന്നയിച്ച ചോദ്യത്തിന് വ്യോമയാന സഹമന്ത്രി മുരളീധർ മൊഹോൾ നൽകിയ മറുപടിയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഏറ്റവും കൂടുതൽ നഷ്ടം നേരിടുന്നത് ഡൽഹി സഫ്ദർജംഗ് വിമാനത്താവളമാണ്. 673.91 കോടി രൂപയാണു നഷ്ടം. തൊട്ടുപിന്നിലുള്ള ത്രിപുരയിലെ അഗർത്തല എയർപോർട്ട് 605.23 കോടി രൂപ നഷ്ടം നേരിടുന്നതായി കേന്ദ്രമന്ത്രി വ്യക്തമാക്കി. രാജ്യത്തെ വിവിധ പ്രദേശങ്ങളിലെ വിമാനത്താവളങ്ങൾ തമ്മിലുള്ള കണക്ടിവിറ്റി വർധിപ്പിക്കുന്നതിന് ആവിഷ്കരിച്ച ആർസിഎസ് ഉഡാൻ പദ്ധതിപ്രകാരം വിമാനക്കന്പനികൾക്കു വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് നൽകുന്നുണ്ട്.

## ബസ് കാത്തു നിന്നവർക്കിടയിലേക്ക് പിക്കപ്പ് വാൻ ഇടിച്ചുകയറി; രണ്ട് യുവതികൾക്ക് ദാരുണാന്ത്യം

കൊല്ലം: കൊട്ടാരക്കരയിൽ ബസ് കാത്തു നിന്നവർക്കിടയിലേക്ക് പിക്കപ്പ് വാൻ ഇടിച്ചുകയറിയുണ്ടായ അപകടത്തിൽ രണ്ടു യുവതികൾക്ക് ദാരുണാന്ത്യം. പനവേലി സ്വദേശികളായ സോണിയ, ശ്രീക്കുട്ടി എന്നിവരാണ് മരിച്ചത്. വിജയൻ എന്നൊരാൾക്ക് പരിക്കേറ്റിട്ടുണ്ട്. പനവേലി ഭാഗത്ത് രാവിലെ 6.45 ഓടെയായിരുന്നു അപകടം. ജോലിക്ക് പോകാനായി ബസ് കാത്തു നിൽക്കുകയായിരുന്ന സ്ത്രീകളുടെ ഇടയിലേക്ക് നിയന്ത്രണം വിട്ട പിക്കപ്പ് വാൻ ഇടിച്ചുകയറുകയായിരുന്നു. പിന്നീട് സമീപത്തുണ്ടായിരുന്ന ഓട്ടോറിക്ഷയും വാഹനം ഇടിച്ചിട്ടു. ഓട്ടോയ്ക്ക് സമീപമായിരുന്നു പരിക്കേറ്റ വിജയൻ നിന്നിരുന്നത്. ഗുരുതരമായി പരിക്കേറ്റ സോണിയ സംഭവസ്ഥലത്തുതന്നെ മരിച്ചു. ആശുപത്രിയിൽ വെച്ചാണ് ശ്രീക്കുട്ടി മരിച്ചത്. ഡ്രൈവർ ഉറങ്ങിപ്പോയതാകാം അപകട കാരണമെന്നാണ് നിഗമനം.




# ദേശീയപാത 66 – ഗുണനിലവാരം ഉറപ്പുവരുത്തി സമയബന്ധിതമായി തീർക്കണം:മന്ത്രി പി.എ.മുഹമ്മദ് റിയാസ്

തിരുവനന്തപുരം:സംസ്ഥാനത്ത് ദേശീയപാത 66-ന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് മന്ത്രി പി.എ.മുഹമ്മദ് റിയാസ് നിർദ്ദേശം നൽകി. പ്രവൃത്തികളിൽ ഗുണനിലവാരം ഉറപ്പുവരുത്തണമെന്നും മന്ത്രി നിർദ്ദേശിച്ചു. ദേശീയപാത പ്രവൃത്തികൾ അവലോകനം ചെയ്യാൻ ചേർന്ന ഉന്നതതലയോഗത്തിലാണ് മന്ത്രി ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥർക്ക് ഈ നിർദ്ദേശം നൽകിയത്.

പ്രവൃത്തികൾക്ക് കൃത്യമായ സമയക്രമം നിശ്ചയിക്കുകയും ആ സമയക്രമത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കപ്പെട്ടു എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. എന്നാൽ മികവുറ്റ രീതിയിൽ തന്നെയാകണം നിർമ്മാണ പ്രവൃത്തികൾ നടക്കേണ്ടത്. നിലവിൽ പ്രവൃത്തി പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാത്ത ഇടങ്ങളിൽ എൻഎച്ച്എഐ റീജിയണൽ ഓഫീസർ പ്രത്യേകമായി ശ്രദ്ധിക്കണം. ഈ സ്ട്രെച്ചുകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ ഉണ്ടാകണം. മഴക്കാലമാണെങ്കിലും പ്രീകാസ്റ്റിംഗ് പോലുള്ള പ്രവൃത്തികൾ ഈ സമയത്ത് നടത്താനാകും. അത്തരം പ്രവൃത്തികൾ പൂർത്തിയാക്കണം. പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ എല്ലാ സഹായവും ഉണ്ടാകുമെന്ന് മന്ത്രി ഉറപ്പുനൽകി. പ്രവൃത്തി നടക്കുന്ന ഇടങ്ങളിലെ സർവ്വീസ് റോഡുകളുടെയും നിലവിലുള്ള റോഡുകളുടെയും അവസ്ഥ നിരന്തരമായി ചൂണ്ടിക്കാണിക്കുന്നതാണ്. പലയിടങ്ങളിലും സർവ്വീസ് റോഡുകളുടെ കാര്യത്തിൽ ജനങ്ങൾ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. അടിയന്തിരമായി എല്ലാ സ്ട്രെച്ചുകളിലും നിലവിലുള്ള പാതകൾ പൂർണ്ണ ഗതാഗതയോഗ്യമാണെന്ന് ഉറപ്പുവരുത്തണം.അക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അലംഭാവം ഉണ്ടാകാൻ പാടില്ലെന്നും മന്ത്രി കർശന നിർദ്ദേശം നൽകി. മഴകുറഞ്ഞുവരുന്ന ഘട്ടത്തിൽ അത്തരം പ്രവർത്തനങ്ങൾ അടിയന്തിര സ്വഭാവത്തോടെ നടത്തണമെന്നും മന്ത്രി പറഞ്ഞു.ദേശീയപാത 66-ന്റെ ഓരോ സ്ട്രെച്ചിന്റെയും പുരോഗതി യോഗം വിലയിരുത്തി. 70 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിരിക്കുന്നത്. 400 കിലോമീറ്ററിലധികം ദൂരം ആറുവരിയായി മാറിക്കഴിഞ്ഞു എന്നും ദേശീയപാത അതോറിറ്റി അറിയിച്ചു. ദേശീയപാത അതോറിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന മറ്റ് പദ്ധതികളും യോഗത്തിൽ അവലോകനം ചെയ്തു. യോഗത്തിൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കെ.ബിജു ഐഎഎസ്, അഡീഷണൽ സെക്രട്ടറി എ.ഷിബു ഐഎഎസ്, ജില്ലാ കലക്ടർമാർ, ദേശീയപാത അതോറിറ്റി റീജിയണൽ ഓഫീസർ, വിവിധ പ്രൊജക്ട് ഡയറക്ടർമാർ, കരാറുകാർ തുടങ്ങിയവർ പങ്കെടുത്തു.

# ഹരിതകർമ്മസേനാസംരംഭകത്വ വികസന പദ്ധതി യാഥാർത്ഥ്യമാകുന്നു

## സംസ്ഥാനതല ഉദ്ഘാടനം ആഗസ്ത് 14 ന് മന്ത്രി എംബി രാജേഷ് നിർവഹിക്കും യാഥാർത്ഥ്യമാകുന്നത് 24 കോടിയുടെ പദ്ധതി

സംസ്ഥാനത്തെ ഹരിതകർമ്മസേനയുടെ അധികവരുമാനം ലക്ഷ്യമിട്ട് ബൃഹദ് സംരംഭക പദ്ധതി യാഥാർഥ്യമാവുന്നു. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ആഗസ്റ്റ് 14 ന് തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി എം. ബി രാജേഷ് നിർവഹിക്കും. ആന്തൂർ നഗരസഭയിൽ നടക്കുന്ന ചടങ്ങിൽ എം.വി.ഗോവിന്ദൻ മാസ്റ്റർ എം.എൽ.എ അധ്യക്ഷത വഹിക്കും.

ആന്തൂർ നഗരസഭയിലെ ഭൂമിക ഹരിതകർമസേനാ കൺസോർഷ്യം ജൈവമാലിന്യത്തിൽ നിന്നും ഉൽപാദിപ്പിക്കുന്ന ജൈവവള നിർമ്മാണ-വിപണന യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനവും ഭരണാനുമതി ലഭിച്ച 19 നഗരസഭകളിലെ സംരംഭങ്ങൾക്കുള്ള ധനാനുമതി പത്രം കൈമാറലും ചടങ്ങിൽ മന്ത്രി നിർവഹിക്കും.

അടൂർ, വർക്കല, ആറ്റിങ്ങൽ, പുനലൂർ, ചേർത്തല, തൊടുപുഴ, കൂത്താട്ടുകുളം, മരട്, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, പട്ടാമ്പി, പാലക്കാട്, പെരിന്തൽമണ്ണ, കൊയിലാണ്ടി, മുക്കം, ആന്തൂർ, നീലേശ്വരം, സുൽത്താൻ ബത്തേരി, ഗുരുവായൂർ എന്നീ നഗരസഭകൾക്കാണ് ധനാനുമതി പത്രം കൈമാറുന്നത്.

ലോകബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന കേരളഖരമാലിന്യപരിപാലനപദ്ധതിയുടെ നേതൃത്വത്തിലാണ് ഹരിതകർമ്മസേനാസംരംഭകത്വ വികസന പദ്ധതി യാഥാർത്ഥ്യമാകുന്നത്. സംസ്ഥാനത്തെ 93 നഗരസഭകളിലെ ഏഴായിരത്തോളം വരുന്ന ഹരിതകർമസേനാംങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. 24 കോടി രൂപ ചിലവിൽ ഒരുക്കുന്ന ഈ പദ്ധതിയിലുൾപ്പെടുത്തി ഹരിതകർമ്മസേനാംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയാണ്.

തുണിസഞ്ചി, ജൈവവളം, ചവിട്ടി, ഇനോകുലം തുടങ്ങിയവയുടെ ഉത്പാദന യൂണിറ്റുകൾ, സ്ക്രാപ്പ് വ്യാപാരം, സാനിട്ടറി വേസ്റ്റ് ശേഖരണ യൂണിറ്റ് എന്നിങ്ങനെ വിവിധ സംരംഭങ്ങളാണ് ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ ഒരുങ്ങുന്നത്. മികച്ച സംരംഭങ്ങൾ ഉറപ്പാക്കുന്നതിനായി കിലയുടെയും ബന്ധപ്പെട്ട ഏജൻസികഹരിതകർമ്മസേനാംഗങ്ങൾക്ക് നൈപുണ്യ പരിശീലനവും സാങ്കേതിക പരിജ്ഞാനത്തിനായുള്ള പരിശീലനവും നൽകും.

അധികവരുമാനത്തിലൂടെ ഹരിതകർമ്മസേനയെ സ്വയംപര്യാപ്തരാക്കാനും അവരുടെ ജീവിത നിലവാരം ഉയർത്താനും ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ നടത്തിപ്പിനായി നഗരസഭാതലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്.

കൂടാതെ, സാങ്കേതികസഹായത്തിനായി കെഎസ്ഡബ്ല്യുഎംപിയുടെ ഏജൻസികളുടേയും ജില്ലാതല യൂണിറ്റുകളുടേയും പൂർണ സമയപ്രവർത്തനവും തുടർ സാമ്പത്തികസഹായവും ഉറപ്പാക്കും.

# സമുചിത വിള നിർണയ പദ്ധതി : സംസ്ഥാനതല ഉദ്ഘാടനം 11 ന്

ഭൂവിനിയോഗ വകുപ്പ് വിവിധ കാർഷിക പാരിസ്ഥിതിക യൂണിറ്റുകളിലുൾപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നടത്തി വരുന്ന സമുചിത വിള നിർണ്ണയ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം കണ്ണൂർ നോർത്ത് മലബാർ ചേമ്പർ ഓഫ് കോമേഴ്സ് ഹാളിൽ ആഗസ്റ്റ് 11 ന് രാവിലെ 10 ന്, മുഖ്യമന്ത്രി പിണറായി വിജയൻ നിവഹിക്കും. കണ്ണൂർ ജില്ലയുടെ പുതുക്കിയ ലാൻഡ് റിസോഴ്സ് ഇൻഫോർമേഷൻ സിസ്റ്റം (ഘങ്കട) വെബ്സൈറ്റ് മുഖ്യമന്ത്രി പ്രകാശനം ചെയ്യും. മ്യൂസിയം, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ അധ്യക്ഷത വഹിക്കും.

സമുചിത വിള നിർണ്ണയം അഞ്ചരക്കണ്ടി, നെന്മേനി, ഓമല്ലൂർ, ഓച്ചിറ റിപ്പോർട്ടുകളും, സർവ്വേ നമ്പർ അടിസ്ഥാനത്തിലുള്ള അഞ്ചരക്കണ്ടി പഞ്ചായത്ത് വിള ഭൂപടവും, സജലം പാനൂർ ബ്ലോക്ക് റിപ്പോർട്ട് പ്രകാശനവും "സുസ്ഥിര വികസനത്തിന് സമുചിത വിള നിർണ്ണയം" സെമിനാറും ചടങ്ങിൽ നടക്കും.

കണ്ണൂർ മേയർ മുസ്ലിഹ് മഠത്തിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. രത്നകുമാരി കെ കെ, ഭൂവിനിയോഗ കമ്മീഷണർ യാസ്മിൻ എൽ റഷീദ്, ജില്ലാ കളക്ടർ അരുൺ കെ വിജയൻ, നഗരസഭ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ഷമീമ ടീച്ചർ, ജില്ല കൃഷി ഓഫീസർ കെ എൻ ജ്യോതികുമാരി, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ അരുൺ റ്റി ജെ, ഭൂവിനിയോഗ വകുപ്പ് ജോയിന്റ് ഡയറക്ടർ ടീന ഭാസ്കരൻ തുടങ്ങിയവർ പങ്കെടുക്കും.

# ഷവർമ പ്രത്യേക പരിശോധന: 45 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു

## മാനദണ്ഡങ്ങൾ ഉറപ്പാക്കിയതിന് 1557 പരിശോധനകൾ നടത്തി

സംസ്ഥാനത്ത് ഷവർമ വിൽപന നടത്തുന്ന സ്ഥാപനങ്ങൾ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് അറിയുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് 1557 പ്രത്യേക പരിശോധനകൾ നടത്തിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. കഴിഞ്ഞ 5, 6 തീയതികളിലായി രാത്രികാലങ്ങളിലാണ് പരിശോധന നടത്തിയത്. 59 സ്ക്വാഡുകളാണ് പരിശോധനകൾ നടത്തിയത്. 256 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും 263 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും നൽകി. വീഴ്ചകൾ കണ്ടെത്തിയ 45 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. ഷവർമ വിൽപന നടത്തുന്ന സ്ഥാപനങ്ങൾ സർക്കാർ നിർദേശം കർശനമായി പാലിക്കണം. അല്ലാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പ് ഷവർമ മാർഗനിർദേശങ്ങൾ പുറത്തിറക്കിയിരുന്നു. സംസ്ഥാനത്ത് പച്ചമുട്ട കൊണ്ടുള്ള മയോണൈസ് നിരോധിച്ചിട്ടുണ്ട്. അത് സംബന്ധിച്ചുള്ള പരിശോധനകളും നടന്നു. വൃത്തിഹീനമായ സാഹചര്യത്തിൽ ഷവർമ പാകം ചെയ്യുവാനോ വിൽക്കാനോ പാടില്ല. ഷവർമ തയ്യാറാക്കുന്ന സ്ഥലം, ഷവർമയ്ക്ക് ഉപയോഗിക്കുന്ന ഉപകരണം, വ്യക്തി ശുചിത്വം, ഷവർമ തയ്യാറാക്കൽ എന്നിവ സംബന്ധിച്ചുള്ള വിശദമായ മാർഗനിർദേശങ്ങളാണ് പുറത്തിറക്കിയത്. മാത്രമല്ല പാഴ്സലിൽ തീയതിലും സമയവും കൃത്യമായി രേഖപ്പെടുത്തണം. എഫ്.എസ്.എസ്. ആക്ട് പ്രകാരം ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ ഒരു വ്യക്തിയും ഏതെങ്കിലും ഭക്ഷ്യ ബിസിനസ് ആരംഭിക്കുകയോ നടത്തുകയോ ചെയ്യരുത്. ഭക്ഷണം കൈകാര്യം ചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാണ്. പരാതിയുള്ളവർ ഭക്ഷ്യ സുരക്ഷാ വകുപ്പിനെ വിവരം അറിയിക്കേണ്ടതാണ്.

ഇത് കൂടാതെ കൊല്ലം പോളയത്തോട് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയിൽ 60 കിലോഗ്രാം പഴകിയ മാംസം പിടിച്ചെടുത്തു. ഷവർമ പരിശോധനയ്ക്കിടെ കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പരിശോധനയും നടത്തിയത്.

# ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി പ്രോഗ്രാം സ്പോട്ട് അഡ്മിഷൻ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഗവണ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളിൽ നടത്തുന്ന രണ്ടു വർഷത്തെ ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി പ്രോഗ്രാമിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് രണ്ടാം സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 13 മുതൽ 16 വരെയുള്ള തീയതികളിൽ അതാതു സ്ഥാപനങ്ങളിൽ വച്ച് നടത്തുന്നതാണ്.

അപേക്ഷകർ www.polyadmission.org/gifd ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകണം.

ഒഴിവുകൾ നികത്തുന്നതിനായി നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും പുതുതായി അപേക്ഷ സമർപ്പിക്കാം. നിലവിൽ ലഭ്യമായ ഒഴിവുകൾ ഗവണ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് അടിസ്ഥാനത്തിൽ www.polyadmission.org/gifd എന്ന വെബ്സൈറ്റിലെ Vacancy Position എന്ന ലിങ്ക് വഴി മനസ്സിലാക്കാം. ഒഴിവുകൾ ലഭ്യമായ സ്ഥാപനങ്ങളിലേക്ക് പുതുതായി അപേക്ഷ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ സ്ഥാപനത്തിൽ നേരിട്ട് ഹാജരായോ, അല്ലെങ്കിൽ www.polyadmission.org/gifd ലെ ഹോം പേജിൽ ലഭ്യമായിട്ടുള്ള One Time Registration എന്ന ലിങ്ക് വഴി രജിസ്ട്രേഷൻ പൂർത്തിയാക്കി ഓൺലൈനായി ഫീസ് അടച്ചതിനു ശേഷം ലഭിക്കുന്ന രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ച് Candidate login link വഴി അപേക്ഷ സമർപ്പിക്കാം.

നിലവിലുള്ള റാങ്ക് ലിസ്റ്റിലേക്ക് പുതുതായി ലഭിക്കുന്ന അപേക്ഷകൾ കൂടി ഉൾപ്പെടുത്തി പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതാണ്. നിലവിൽ അഡ്മിഷൻ ലഭിച്ചവരിൽ സ്ഥാപന മാറ്റം ആഗ്രഹിക്കുന്നവർക്കും, പുതിയതായി അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. നിലവിൽ ഗവണ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള അപേക്ഷകനാണെങ്കിൽ അഡ്മിഷൻ സ്ലിപ്പോ, ഫീസ് അടച്ച രസീതോ ഹാജരാക്കിയാൽ മതിയാകും.

ഒഴിവുകൾ പരിശോധിച്ചതിനു ശേഷം ഓരോ സ്ഥാപനത്തിലേയും സ്പോട്ട് അഡ്മിഷൻ നടത്തുന്ന സമയക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് പരിശോധിച്ച് സമയക്രമം കൃത്യമായി പാലിച്ച് അപേക്ഷകർ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഹാജരാകണം.

# സ്കോൾ കേരള – ഡിസിഎ പത്താം ബാച്ച് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

സ്കോൾ കേരള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സ് പത്താം ബാച്ചിന്റെ 2025 മെയ് മാസത്തിൽ നടത്തിയ പരീക്ഷയുടെയും സപ്ലിമെന്ററി പരീക്ഷയുടെയും ഫലം പ്രസിദ്ധപ്പെടുത്തി. ഫലം www.scolekerala.org യിൽ ലഭ്യമാണ്.

ഉത്തരക്കടലാസ് പുനർമൂല്യനിർണയം / സ്ക്രൂട്ടിണി/ ഫോട്ടോകോപ്പി എന്നിവയ്ക്ക് ആഗസ്റ്റ് 11 മുതൽ 23 വരെ ഫീസടച്ച് അപേക്ഷ സമർപ്പിക്കാം. അപേക്ഷാഫോം വെബ്സൈറ്റിൽ ലഭ്യമാണ്. ഫീസ് ഓൺലൈനായി അടച്ച ശേഷം അസൽ ചെലാനും, മാർക്ക് ലിസ്റ്റിന്റെ പകർപ്പും ഉൾപ്പെടെ ബന്ധപ്പെട്ട പരീക്ഷാകേന്ദ്രം പ്രിൻസിപ്പലിന്റെ സാക്ഷ്യപ്പെടുത്തൽ സഹിതം സെക്രട്ടറി, ബോർഡ് ഓഫ് ഡി.സി.എ എക്സാം, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം 12 എന്ന വിലാസത്തിൽ 23ന് വൈകുന്നേരം 5 നകം അപേക്ഷ സമർപ്പിക്കണം.

# ഗുരുവായൂർ ദേവസ്വം പരീക്ഷകളിൽ മാറ്റം

ആഗസ്റ്റ് 10ന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് തൃശൂർ ജില്ലയിലെ വിവിധ പരീക്ഷാകേന്ദ്രങ്ങളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഗുരുവായൂർ ദേവസ്വത്തിലെ ഹെൽപ്പർ (കാറ്റഗറി നം. 02/2025), അസിസ്റ്റന്റ് ലൈൻമാൻ (കാറ്റഗറി നം. 12/2025) എന്നീ തസ്തികകളിലേക്കുള്ള പൊതു പരീക്ഷ ചില സാങ്കേതിക കാരണങ്ങളാൽ അസിസ്റ്റന്റ് ലൈൻമാൻ (കാറ്റഗറി നം. 12/2025) എന്ന തസ്തികയിലേക്ക് അപേക്ഷിച്ച ഉദ്യോഗാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തി. അന്നേ ദിവസം ഉച്ച കഴിഞ്ഞ് 01.30 മുതൽ 03.15 വരെ നടത്തുന്ന പൊതു പരീക്ഷയിൽ ഹെൽപ്പർ (കാറ്റഗറി നം. 02/2025) തസ്തികയിലേയ്ക്ക് മാത്രം അപേക്ഷിച്ച ഉദ്യോഗാർത്ഥികൾ പങ്കെടുക്കേണ്ടതില്ല. ഗുരുവായൂർ ദേവസ്വത്തിലെ ഹെൽപ്പർ (കാറ്റഗറി നം. 02/2025) തസ്തികയിലേയ്ക്കുള്ള പുതുക്കിയ പരീക്ഷാതീയതി പിന്നീട് അറിയിക്കും. ഈ തസ്തികയോടൊപ്പം ഒ.എം.ആർ പരീക്ഷ നിശ്ചയിച്ചിരുന്ന അസിസ്റ്റന്റ് ലൈൻമാൻ (കാറ്റഗറി നം. 12/2025) തസ്തികയിലേയ്ക്കുള്ള പരീക്ഷയിൽ മാറ്റമില്ല. കൂടുതൽവിവരങ്ങൾക്ക്: www.kdrb.kerala.gov.in

# സർക്കാർ ജീവനക്കാർക്ക് ഇ-ഗവേർണൻസിൽ പിജി ഡിപ്ലോമ: 2025–26 ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു

സർക്കാർ ജീവനക്കാർക്കും പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുമായി സംസ്ഥാന സർക്കാർ നടത്തുന്ന ഒരു വർഷത്തെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇ-ഗവേർണൻസ് (PGDeG) കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇ-ഗവേർണൻസ് പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ജീവനക്കാരുടെ ശേഷി വർധിപ്പിക്കുകയും ഐടി വിഭാഗങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരായ ഉദ്യോഗസ്ഥരെ സൃഷ്ടിക്കുകയുമാണ് കോഴ്സിന്റെ ലക്ഷ്യം. 30 സീറ്റുകളാണ് ഉള്ളത്, ഇതിൽ 15 എണ്ണം സർക്കാർ ജീവനക്കാർക്കും 15 എണ്ണം പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുമാണ്.

ഏതെങ്കിലും വിഷയത്തിൽ ബിരുദവും കമ്പ്യൂട്ടർ പരിചയവുമുള്ള, 2025 ജനുവരി 1-ന് 45 വയസ്സിന് താഴെയുള്ളവർക്ക് അപേക്ഷിക്കാം. ബി.ടെക്, എംബിഎ, എംസിഎ, ബിസിഎ, കമ്പ്യൂട്ടർ സയൻസ്/ഐടി ബിരുദധാരികൾക്ക് മുൻഗണന ലഭിക്കും. ഓരോ വകുപ്പിൽ നിന്നും പരമാവധി മൂന്ന് പേരെ നോമിനേറ്റ് ചെയ്യാം. അപേക്ഷകർ https://duk.ac.in/admission/apply/ വഴി ഓൺലൈനായി അപേക്ഷിക്കണം. പ്രായം, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) എന്നിവ അപ്ലോഡ് ചെയ്യണം. എഴുത്തുപരീക്ഷയും അഭിമുഖവും വഴി തിരഞ്ഞെടുപ്പ് നടക്കും. പരീക്ഷയിൽ കമ്പ്യൂട്ടർ, ഐടി, മാനേജ്മെന്റ്, ആപ്റ്റിറ്റ്യൂഡ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടും. ഇ-ഗവേർണൻസ് പദ്ധതികൾ നടപ്പാക്കുന്ന വകുപ്പുകളിൽ നിന്നുള്ളവർക്ക് മുൻഗണന ലഭിക്കും. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഇ-ഗവേർണൻസ് പദ്ധതികളുടെ നടത്തിപ്പിൽ നിർണായക പങ്ക് വഹിക്കാൻ അവസരം ലഭിക്കും.

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 17 ആണ്. വിശദവിവരങ്ങൾക്ക് 0471 155300, 9446142347 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

# അപേക്ഷ ക്ഷണിച്ചു

ഐസിഫോസ് പ്രധാനപ്പെട്ട ഗവേഷണ മേഖലകളായ ഓപ്പൺ ഹാർഡ്വെയർ, ഓപ്പൺ ഐ ഒ റ്റി, ലാംഗ്വേജ് കമ്പ്യൂട്ടിംഗ്, മെഷീൻ ലേണിംഗ്, അസിസ്റ്റീവ് ടെക്നോളജി, ഇ-ഗവേണൻസ്, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് തുടങ്ങിയ പദ്ധതികളിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. റിസർച്ച് അസ്സോസിയേറ്റിന് കുറഞ്ഞത് നാലു വർഷത്തെയും റിസർച്ച് അസ്സിസ്റ്റന്റിന് കുറഞ്ഞത് രണ്ടു വർഷത്തെയും പ്രവൃത്തി പരിചയം ആവശ്യമാണ്. ബി.ടെക്/ എം.ടെക്/ ബി.ഇ/ എം.ഇ/ ബി.എസ്സി/ എം.സി.എ/ ബി.വോക്/ എം.വോക് ബിരുദധാരികൾക്ക് https://icfoss.in മുഖേന ഓഗസ്റ്റ് 14വരെ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471 2700012

# അരുന്ധതി റോയിയുടെ 'ആസാദി' ഉൾപ്പെടെ 25 പുസ്തകങ്ങൾ ജമ്മു കാഷ്മീരിൽ നിരോധനം

ശ്രീനഗർ: മലയാളി എഴുത്തുകാരി അരുന്ധതി റോയ്യുടെ 'ആസാദി' ഉൾപ്പെടെ 25 പുസ്തകങ്ങൾക്ക് ജമ്മു കാഷ്മീരിൽ നിരോധനം. രാജ്യത്തിന്റെ അഖണ്ഡതക്ക് എതിരെന്നും വിഘടനവാദം പ്രോത്സാഹിപ്പിക്കുന്നുവെന്നും ആരോപിച്ചാണ് പുസ്തകങ്ങൾ നിരോധിച്ചത്. ഭാരതീയ ന്യായ സംഹിത 2023-ലെ 192,196,197 വകുപ്പുകൾ ലംഘിക്കുന്നുവെന്ന കണ്ടെത്തലിനെ തുടർന്നാണ് ഈ നിരോധനമെന്നും വ്യക്തമാക്കി ലെഫ്. ഗവർണറാണ് നിരോധന ഉത്തരവ് പുറത്തിറക്കിയത്.

ഭാരതീയ നാഗരിക് സുരക്ഷാ സംഹിത 2023 ലെ 96-ാം വകുപ്പ് പ്രകാരം, ഈ പുസ്തകങ്ങൾ വിദ്വേഷപരമായ ഉള്ളടക്കം പ്രചരിപ്പിക്കുന്നുവെന്നും യുവാക്കളെ തെറ്റിദ്ധരിപ്പിച്ച് തീവ്രവാദത്തിലേക്ക് നയിക്കുന്നുവെന്ന് വിവരിച്ചുകൊണ്ടാണ് നടപടി. ഈ പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും വിതരണവും പൂർണമായി നിരോധിക്കുകയും പലതും പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

# ചെമ്പഴന്തിയിൽ മദ്യപാനം ചോദ്യം ചെയ്തതിന് വയോധികന് ക്രൂരമർദനം; മൂന്നുപേർ അറസ്റ്റിൽ

തിരുവനന്തപുരം: ചെമ്പഴന്തിയിൽ മദ്യപാനം ചോദ്യം ചെയ്തതിന് വയോധികന് ക്രൂരമർദനം. ഗാന്ധിപുരം സ്വദേശി അഡ്വൻദാസ് എന്നയാൾക്കാണ് മർദനമേറ്റത്.സംഭവത്തിലെ പ്രതികളായ ചന്തവിള സ്വദേശി നിധിൻ (27), അണിയൂർ സ്വദേശികളായ ഷിജിൻ (23), അജിൻ (24) എന്നിവരെ കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തു.ഈ മാസം നാലാം തീയതി നടന്ന സംഭവത്തിന്റെ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. യുവാക്കൾ മധ്യവയസ്കനെ തറയിലിട്ട് ചവിട്ടുകയും ചെരുപ്പും മടലും കൊണ്ട് അടിക്കുന്നതും ദൃശ്യങ്ങളിലുണ്ട്. പ്രതികൾ തന്നോട് പണം ആവശ്യപ്പെട്ടുവെന്നും തന്റെ മാല മോഷ്ടിച്ചുവെന്നും അഡ്വൻദാസ് പോലീസിന് നൽകിയ പരാതിയിൽ പറയുന്നു.

# റോഡിൽ ഇറക്കും മുന്പ് വാഹനം സുരക്ഷിതമാണെന്ന് ഉറപ്പാക്കണം: ഹൈക്കോടതി

കൊച്ചി: റോഡിൽ ഇറക്കും മുന്പ് വാഹനം സുരക്ഷിതമാണെന്നും മറ്റുള്ളവർക്ക് ഒരു അപകടവും ഉണ്ടാക്കുന്നില്ലെന്നും ഉറപ്പാക്കാൻ വാഹന ഉടമയ്ക്കും ഡ്രൈവർക്കും ഉത്തരവാദിത്വമുണ്ടെന്ന് ഹൈക്കോടതി. അപകടം അശ്രദ്ധ മൂലമല്ലെന്ന വാദം ഉന്നയിക്കുന്നപക്ഷം ഡ്രൈവറോ ഉടമയോ വാഹനം റോഡിലിറക്കും മുമ്പ് എല്ലാ സുരക്ഷാമുൻകരുതലും

ജാഗ്രതയും പുലർത്തിയിരുന്നുവെന്ന് തെളിവുകൾ സഹിതം സ്ഥാപിക്കേണ്ടതുണ്ടെന്നും ജസ്റ്റീസ് ശോഭ അന്നമ്മ ഈപ്പൻ വ്യക്തമാക്കി.

പോലീസ് വാഹനത്തിന്റെ ടയർ ഊരിത്തെറിച്ചു പരിക്കേറ്റ 63 കാരിയായ തിരുവനന്തപുരം സ്വദേശിനി എൽ. രാജേശ്വരിക്ക് 2.46 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാനുള്ള എറണാകുളം വാഹനാപകട നഷ്ടപരിഹാര ട്രൈബ്യൂണൽ ഉത്തരവ് ശരിവച്ചുകൊണ്ടുള്ള വിധിയിലാണ് ഹൈക്കോടതി നിരീക്ഷണം.

# മൂന്നാം ക്ലാസുകാരൻറെ കാല് ഇസ്തിരിപ്പെട്ടികൊണ്ട് പൊള്ളിച്ച് രണ്ടാനച്ഛൻ

കൊല്ലം: മൂന്നാം ക്ലാസുകാരന് നേരെ രണ്ടാനച്ഛൻറെ ക്രൂരത. കുട്ടിയുടെ കാല് ഇസ്തിരിപ്പെട്ടികൊണ്ട് പൊള്ളിച്ചു. സംഭവത്തിൽ മൈനാഗപ്പള്ളി സ്വദേശി കൊച്ചനിയനെ പോലീസ് കസ്റ്റഡിയിലെടുത്തു.

കൊല്ലം മൈനാഗപ്പള്ളിയിലാണ് സംഭവം. വികൃതി കാണിച്ചതിൻറെ പേരിലാണ് ഇയാൾ കുഞ്ഞിനോട് ക്രൂരത കാണിച്ചത്. കുട്ടിയുടെ അമ്മ വിദേശത്താണ്.

കുട്ടിയെ സിഡബ്ല്യുസിയിലേക്ക് മാറ്റി. പെട്ടെന്നുണ്ടായ ദേഷ്യത്തിന് ചെയ്ത് പോയതാണെന്നാണ് പിതാവ് പോലീസിനോട് പറഞ്ഞത്.

# രണ്ട് മണിക്കൂർ തടഞ്ഞുവച്ചു; ബൈബിൾ വലിച്ചെറിഞ്ഞു: ഒഡീഷയിലെ അക്രമം വിവരിച്ച് കന്യാസ്ത്രി

ന്യൂഡൽഹി: ഒഡീഷയിലെ ബലേശ്വറിൽ വൈദികർക്കും കന്യാസ്ത്രീകൾക്കും നേരെയുണ്ടായ അക്രമത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ പുറത്ത്. തങ്ങളെ രണ്ട് മണിക്കൂറോളം ബന്ദിയാക്കി വച്ചെന്നും വൈദികരെ ആക്രമിക്കുകയും ബൈബിൾ വലിച്ചെറിഞ്ഞെന്നും സിസ്റ്റർ എലേസ ചെറിയാൻ പറഞ്ഞു.

ആണ്ട് കുർബാനയ്ക്ക് പോകുമ്പോഴാണ് അതിക്രമം നടന്നത്. പ്രാർഥന കഴിഞ്ഞ് തിരിച്ചു പോകുന്നതിനിടെയാണ് 70ഓളം ആളുകൾ വന്നു തടഞ്ഞത്. ഒപ്പമുള്ളവരെ ക്രൂരമായി ആക്രമിച്ചു. ബൈക്കിൻറെ പെട്രോൾ വരെ ഊറ്റിക്കളഞ്ഞു.

ഒഡീഷ ബിജെപിയാണ് ഭരിക്കുന്നത്. ക്രിസ്ത്യാനികളെ ഇവിടെ വേണ്ട, നിങ്ങളെ ഇവിടെ പ്രവർത്തിക്കാൻ അനുവദിക്കില്ല എന്നു പരസ്യമായി വിളിച്ചുപറഞ്ഞുകൊണ്ടായിരുന്നു അക്രമങ്ങൾ നടത്തിയത്.

ബാലസോർ രൂപതയുടെ കീഴിലുള്ള വൈദികരായ ഫാ. ലിജോ നിരപ്പേൽ, ഫാ. വി. ജോജോ, സിസ്റ്റർ എലേസ ചെറിയാൻ, സിസ്റ്റർ മോളി ലൂയിസ് എന്നിവർക്കാണ് പരിക്കേറ്റത്.

മരിച്ചവർക്കായുള്ള കുർബാന അർപ്പിക്കാനാണ് ഗംഗാധർ മിഷൻറെ കീഴിലുള്ള പള്ളിയിൽ ബുധനാഴ്ച വൈകുന്നേരം വൈദികരും കന്യാസ്ത്രീകളും ഏതാനും മിഷൻ പ്രവർത്തകരും എത്തിയത്.

# ആക്രമിക്കപ്പെടുന്നത് ക്രൈസ്തവ ന്യൂനപക്ഷം മാത്രമല്ല, രാജ്യത്തിൻറെ ഭരണഘടന കൂടിയാണ്: മാർ ആൻഡ്രൂസ് താഴത്ത്

കൊച്ചി: ഒഡീഷയിലെ ജലേശ്വറിൽ കന്യാസ്ത്രീകൾക്കും വൈദികർക്കും നേരെ ഉണ്ടായ ആക്രമണത്തിൽ പ്രതികരണവുമായി സിബിസിഐ അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത്. ആക്രമിക്കപ്പെടുന്നത് ക്രൈസ്തവ ന്യൂനപക്ഷം മാത്രമല്ല, രാജ്യത്തിൻറെ ഭരണഘടന കൂടിയാണെന്ന് അദ്ദേഹം പറഞ്ഞു.

കുർബാനക്കും പള്ളിയുടെ ജൂബിലിയുമായി ബന്ധപ്പെട്ട ചർച്ചകൾക്കാണ് അവർ പോയത്. മത പരിവർത്തനം ആണ് അക്രമികൾ ആരോപിച്ചത്. വെർബൽ അറ്റാക്ക് ആണ് നടന്നത്. സംഭവത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപടിയെടുക്കണമെന്നും കൃത്യമായ നടപടികൾ ഇല്ലാത്തത് കൂടുതൽ ആക്രമണങ്ങൾക്ക് വഴി വയ്ക്കുന്നുവെന്നും മാർ ആൻഡ്രൂസ് താഴത്ത് കൂട്ടിച്ചേർത്തു.

ബാലസോർ രൂപതയ്ക്കു കീഴിലുള്ള ഗംഗാധർ ഗ്രാമത്തിനു സമീപം ബുധനാഴ്ചയായിരുന്നു സംഭവം. ജാലേശ്വർ ഇടവക വികാരി ഫാ. ലിജോ നിരപ്പേൽ, ജോഡ ഇടവക വികാരി ഫാ. ജോജോ വൈദ്യക്കാരൻ എന്നിവരുൾപ്പെടെയുള്ള സംഘം രണ്ടു പ്രാദേശിക ക്രൈസ്തവരുടെ ചരമവാർഷികത്തോടനുബന്ധിച്ച് ഗംഗാധർ മിഷൻ സ്റ്റേഷൻ സന്ദർശിച്ചശേഷം മടങ്ങവെയായിരുന്നു ആക്രമണം.

രാത്രി ഒന്പതോടെ ഗ്രാമം വിട്ടുപോകുമ്പോൾ ഗ്രാമത്തിൽനിന്ന് അര കിലോമീറ്റർ അകലെ ഇടുങ്ങിയ വനപ്രദേശത്ത് എഴുപതോളം വരുന്ന ബജ്‌രംഗ്ദൾ പ്രവർത്തകരുടെ സംഘം കാത്തിരിക്കുകയായിരുന്നുവെന്ന് ഫാ. ലിജോ ദീപികയോടു പറഞ്ഞു.

ബൈക്കിൽ സഞ്ചരിച്ചിരുന്ന മതബോധന അധ്യാപകനെ ആദ്യം കൈയേറ്റം ചെയ്തശേഷം ബൈക്ക് നശിപ്പിച്ചു. ഇന്ധനം ഊറ്റിയെടുക്കുകയും ചെയ്തു. തുടർന്ന് അക്രമികൾ വൈദികരുടെ വാഹനത്തിനുനേരേ തിരിഞ്ഞു. ബലംപ്രയോഗിച്ചു വാഹനം നിർത്തിയ സംഘം വൈദികരെ കൈയേറ്റം ചെയ്തു. ഡ്രൈവറെ മർദിച്ചു.

രണ്ട് മൊബൈൽ ഫോണുകൾ പിടിച്ചുവാങ്ങി. ആളുകളെ നിർബന്ധിച്ചു മതം മാറ്റി അമേരിക്കക്കാരെപ്പോലെയാക്കുന്നുവെന്നും ബിജെഡിയുടെ കാലം കഴിഞ്ഞുവെന്നും ഇപ്പോൾ ബിജെപിയുടെ ഭരണമാണെന്നും നിങ്ങൾക്ക് ഇനി ക്രിസ്ത്യാനികളെ ഉണ്ടാക്കാൻ കഴിയില്ലെന്നും ആക്രോശിച്ചുകൊണ്ടായിരുന്നു ആക്രമണമെന്ന് ഫാ. ലിജോ പറഞ്ഞു.

വിവരമറിഞ്ഞു സ്ഥലത്തെത്തിയ സ്ത്രീകൾ ഉൾപ്പെടെയുള്ള ഗ്രാമവാസികൾ, വൈദികരുൾപ്പെടെയുള്ള സംഘം എത്തിയതു പ്രാർഥനയ്ക്കാണെന്നു പറഞ്ഞെങ്കിലും അക്രമിസംഘം പിന്തിരിഞ്ഞില്ല.

സംഭവം ആസൂത്രിതമാണെന്നു സംശയമുണ്ടെന്നും ഫാ. ലിജോ കൂട്ടിച്ചേർത്തു. 45 മിനിറ്റിനുശേഷം പോലീസ് സ്ഥലത്തെത്തിയെങ്കിലും അക്രമികൾ പിന്തിരിഞ്ഞില്ല. അന്വേഷണത്തിനായി സ്റ്റേഷനിലേക്കു കൊണ്ടുപോകുകയാണെന്നു പറഞ്ഞ് വൈദികരുൾപ്പെടുന്ന സംഘത്തെ പോലീസ് അക്രമിസംഘത്തിൽനിന്നു രക്ഷപ്പെടുത്തി കൊണ്ടുപോകുകയായിരുന്നു. അക്രമികൾക്കെതിരേ എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ പോലീസ് തയാറായില്ലെന്ന് ആരോപണമുണ്ട്.

# ആരോപണങ്ങൾ ഗുരുതരം; രാഹുൽ ഗാന്ധിയെ പിന്തുണച്ച് ശശി തരൂർ

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിൽ കർണാടകയിലും മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിലും ക്രമക്കേട് നടന്നെന്ന ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധിയുടെ ആരോപണത്തെ പിന്തുണച്ച് കോൺഗ്രസ് എംപി ശശി തരൂർ. രാഹുലിൻറെ ആരോപണങ്ങൾ ഗുരുതരമാണെന്നും എല്ലാ രാഷ്ട്രീയ കക്ഷികളുടെയും രാജ്യത്തെ വോട്ടർമാരുടെയും താത്പര്യമനുസരിച്ച് ഗൗരവമായി കണക്കിലെടുക്കണമെന്നും തരൂർ പറഞ്ഞു. കഴിവില്ലായ്മയും അശ്രദ്ധയും മൂലമോ മോശമായതും കരുതിക്കൂട്ടിയുള്ളതുമായ അനാവശ്യ ഇടപെടലിലൂടെയോ തകർക്കാവുന്നതല്ല ഇന്ത്യയുടെ മൂല്യമേറിയ ജനാധിപത്യത്തിൻറെ വിശ്വാസ്യതയെന്നും തരൂർ എക്സ് പോസ്റ്റിൽ കുറിച്ചു. തെരഞ്ഞെടുപ്പ് ക്രമക്കേടുകളെ കുറിച്ചുള്ള രാഹുലിൻറെ വാർത്താസമ്മേളനത്തിൻറെ കോൺഗ്രസ് പങ്കുവച്ച വീഡിയോപോസ്റ്റ് റീപോസ്റ്റ് ചെയ്തുകൊണ്ടാണ് തരൂർ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നത്. തെരഞ്ഞെടുപ്പ് ക്രമക്കേടിനായി ബിജെപിയും തെരഞ്ഞെടുപ്പ് കമ്മിഷനും ഗൂഢാലോചന നടത്തുന്നതിൻറെ തെളിവുകളുണ്ടെന്നാരോപിച്ച് വ്യാഴാഴ്ച മാധ്യമങ്ങൾക്കുമുന്നിൽ രാഹുൽ കണക്കുകൾ നിരത്തിയിരുന്നു.

# കൊലക്കേസ് പ്രതികളുടെ റീൽസ് ചിത്രീകരണം; എട്ടുപേർ അറസ്റ്റിൽ

കൊല്ലം: കരുനാഗപ്പള്ളി കോടതി പരിസരത്തുവെച്ച് വിചാരണയ്ക്കെത്തിച്ച കൊലക്കേസ് പ്രതികളുടെ വീഡിയോകളും ചിത്രങ്ങളും ചിത്രീകരിച്ചു പ്രചരിപ്പിച്ച സംഭവത്തിൽ എട്ടുപേരെ കരുനാഗപ്പള്ളി പോലീസ് അറസ്റ്റ് ചെയ്തു.

ഓച്ചിറ അമ്പലശേരിയിൽ അമ്പാടി (24), കരുനാഗപ്പള്ളി മരുതൂർകുളങ്ങര തെക്ക് റോഷ് ഭവനത്തിൽ റോഷൻ (34), ഓച്ചിറ ശ്രീകൃഷ്ണവിലാസത്തിൽ അനന്തകൃഷ്ണൻ (24), ഓച്ചിറ കൊച്ചുപുര കിഴക്കതിൽ അജിത്ത് (28), മഠത്തിൽക്കാരായ്മ പഞ്ചകത്തറയിൽ ഹരികൃഷ്ണൻ (26), മഠത്തിൽക്കാരായ്മ ദേവസുധയിൽ ഡിപിൻ (26), മണപ്പള്ളി തണ്ടളത്ത് മനോഷ് (36), വള്ളികുന്നത്ത് അഖിൽ ഭവനത്തിൽ അഖിൽ (26) എന്നിവരാണ് കരുനാഗപ്പള്ളി പോലീസിൻറെ പിടിയിലായത്.

കഴിഞ്ഞ 28ന് കരുനാഗപ്പള്ളി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി പരിസരത്തുവച്ചാണ് സംഭവം. കോടതിയിൽ വിചാരണയ്ക്കായി കൊണ്ടുവന്ന കരുനാഗപ്പള്ളി ജിം സന്തോഷ് കൊലക്കേസിലെ വിചാരണത്തടവുകാർകൂടിയായ അതുൽ, മനു എന്നിവരുടെ വീഡിയോ ദൃശ്യങ്ങളാണ് ഇവർ പകർത്തിയത്. ഇത് ജയിൽ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. തടവുകാർക്ക് നിരോധിത ഉത്പന്നങ്ങൾ നൽകിയതായും പരാതിയുണ്ട്.

ദൃശ്യങ്ങൾ റീൽസുകളാക്കി സാമൂഹികമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് സമൂഹത്തിന് അപകടകരമായ സന്ദേശം നൽകിയതായുള്ള കരുനാഗപ്പള്ളി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തത്.

# കാനഡയിൽ ഇന്ത്യൻ വിദ്യാർഥിനിയെ വെടിവച്ചു കൊന്നതിന് യുവാവിനെതിരെ കൊലക്കുറ്റം

ഒട്ടാവ: കാനഡയിൽ ഇന്ത്യൻ വിദ്യാർഥിനിയെ വെടിവച്ച് കൊലപ്പെടുത്തിയയാളെ അറസ്റ്റ് ചെയ്ത് കൊലപാതക കുറ്റം ചുമത്തി. മൊഹാക്ക് കോളജിലെ രണ്ടാം വർഷ ഫിസിയോതെറാപ്പി വിദ്യാർഥിനിയായ ഹർസിമ്രത് രൺധാവ (21) യാണ് കൊല്ലപ്പെട്ടത്.

സംഭവത്തിൽ ഒൻറാറിയോയിലെ നയാഗ്ര വെള്ളച്ചാട്ടത്തിനു സമീപത്തുനിന്ന് ജെർഡൈൻ ഫോസ്റ്ററിനെ (32) ഹാമിൽട്ടൺ പോലീസ് അറസ്റ്റ് ചെയ്തു. പ്രതിക്കെതിരെ മൂന്ന് കൊലപാതകശ്രമ കുറ്റങ്ങളും ചുമത്തി. കേസിൽ മറ്റ് ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

ഏപ്രിൽ 17ന് അപ്പർ ജെയിംസ് സ്ട്രീറ്റിൻറെയും സൗത്ത് ബെൻഡ് റോഡിൻറെയും കവലയിലെ ബസ് സ്റ്റോപ്പിന് സമീപമായിരുന്നു സംഭവം നടന്നത്. നാല് കാറുകളിലായി ഇവിടെയെത്തിയ ഏഴോളം പേർ തമ്മിൽ നടന്ന തർക്കത്തെത്തുടർന്നുണ്ടായ വെടിവയ്പ്പിലാണ് ഇന്ത്യൻ വിദ്യാർഥിനിക്ക് വെടിയേറ്റത്.

ബസിൽ നിന്ന് ഇറങ്ങി റോഡ് മുറിച്ചുകടക്കാൻ കാത്തുനിൽക്കുമ്പോൾ ഹർസിമ്രതിന് വെടിയേൽക്കുകയായിരുന്നു. പരിക്കേറ്റ വിദ്യാർഥിനിയെ ആശുപത്രിയിലെത്തിച്ചെങ്കിലും മരിക്കുകയായിരുന്നു. നിരപരാധിയായ കാഴ്ചക്കാരിയായിരുന്ന ഹർസിമ്രത് ജിമ്മിൽ നിന്ന് വീട്ടിലേക്ക് മടങ്ങുന്നതിനിടെയായിരുന്നു സംഭവം.

# കവർച്ചാ ശ്രമത്തിനിടെ മൊബൈൽ ഫോൺ ഭണ്ഡാരത്തിലേക്ക് വീണു; മോഷ്ടാവ് പിടിയിൽ

കൊച്ചി: ആരക്കുഴ സെൻറ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിയിൽ മോഷണ ശ്രമത്തിനിടെ മോഷ്ടാവിൻറെ മൊബൈൽ ഫോൺ ഭണ്ഡാരത്തിൽ വീണു.

ഫോണെടുക്കാൻ മറ്റുവഴിയില്ലാതായതോടെ തൂമ്പ ഉപയോഗിച്ച് ഭണ്ഡാരം തകർക്കാൻ ശ്രമം തുടങ്ങി. ഈ ശബ്ദം കേട്ട് സമീപവാസികൾ ഉണരുകയും മോഷ്ടാവിനെ കൈയോടെ പിടികൂടുകയും ചെയ്തു.

മൂവാറ്റുപുഴ വെള്ളൂർക്കുന്നം മുടവൂർ വെട്ടിക്കാക്കുടിയിൽ മുരളി (46) ആണ് പിടിയിലായത്. ബുധനാഴ്ച പുലർച്ചെ ഒന്നിനാണ് കാന്തം ഉപയോഗിച്ച് മലേക്കുരിശുപള്ളിയുടെ താഴെയും പള്ളിയുടെ മുൻഭാഗത്തുമുള്ള ഭണ്ഡാരങ്ങളിൽ നിന്നും പണം കവർന്നത്. ഇതിനിടെയാണ് ഫോൺ വീണതും പ്രതി പിടിയിലാകുന്നതും. നാട്ടുകാർ അറിയിച്ചതനുസരിച്ച് സ്ഥലത്തെത്തിയ മൂവാറ്റുപുഴ പോലീസ് ഇൻസ്പെക്ടർ ബേസിൽ തോമസിൻറെ നേതൃത്വത്തിൽ പ്രതിയെ അറസ്റ്റ് ചെയ്തു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# അനധികൃതമായി വിട്ടുനിൽക്കുന്ന 601 ഡോക്ടർമാർക്കെതിരെ നടപടി; 84 ഡോക്ടർമാരെ പിരിച്ചുവിട്ടു

അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്ന ആരോഗ്യ വകുപ്പിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത 444 ഡോക്ടർമാർക്കെതിരേയും പ്രൊബേഷൻ ഡിക്ലയർ ചെയ്ത 157 ഡോക്ടർമാർക്കെതിരേയും നടപടി സ്വീകരിച്ചു വരുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത 81 ഡോക്ടർമാരേയും പ്രൊബേഷൻ ഡിക്ലയർ ചെയ്ത 3 ഡോക്ടർമാരേയും ഉൾപ്പെടെ 84 ഡോക്ടർമാരെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പിരിച്ചു വിട്ടു. ബാക്കിയുള്ളവർക്കെതിരേയുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 51 ഡോക്ടർമാരെ കഴിഞ്ഞ ദിവസം പിരിച്ച് വിട്ടതിന് പുറമേയാണിത്.

# വാഹനം പാർക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട തർക്കം; നടി ഹുമാ ഖുറേഷിയുടെ സഹോദരനെ കുത്തിക്കൊന്നു

ന്യൂഡൽഹി: വാഹനം പാർക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട തർക്കത്തിനിടെ ബോളിവുഡ് നടി ഹുമ ഖുറേഷിയുടെ സഹോദരൻ ആസിഫ് ഖുറേഷി(42)യെ കുത്തിക്കൊന്നു.

വ്യാഴാഴ്ച രാത്രി 11 ഓടെ ഡൽഹിയിലെ നിസാമുദീനിലെ ജംഗ്പുര ഭോഗൽ ലെയ്നിലാണ് സംഭവം നടന്നത്.

ഹുമാ ഖുറേഷിയുടെ പിതാവിൻറെ സഹോദര പുത്രനാണ് കൊല്ലപ്പെട്ട ആസിഫ്. സംഭവവുമായി ബന്ധപ്പെട്ട് രണ്ടുപേരെ അറസ്റ്റ് ചെയ്തതായും കൊലപാതകത്തിന് ഉപയോഗിച്ച ആയുധം കണ്ടെത്തിയെന്നും പോലീസ് പറഞ്ഞു.

വ്യാഴാഴ്ച രാത്രി 10 ഓടെയാണ് സംഭവം നടന്നത്. തൻറെ വീടിന് മുന്നിൽ പാർക്ക് ചെയ്ത സ്കൂട്ടർ അവിടെ നിന്നും മാറ്റണമെന്ന് ആസിഫ് ഖുറേഷി രണ്ടുപേരോട് ആവശ്യപ്പെട്ടിരുന്നു. ഇത് ചെറിയ തർക്കത്തിനിടയാക്കി.

താൻ മടങ്ങി വരുമെന്ന് ഭീഷണിപ്പെടുത്തി ഇയാൾ സ്ഥലത്ത് നിന്നും മടങ്ങി. അൽപ്പ സമയത്തിന് പ്രതികളിലൊരാൾ തൻറെ സഹോദരനെയും കൂട്ടി ഇവിടേക്ക് എത്തുകയും മൂർച്ചയേറിയ ആയുധം ഉപയോഗിച്ച് ആസിഫിനെ കുത്തുകയുമായിരുന്നുവെന്നും ആസിഫിൻറെ ഭാര്യ പറഞ്ഞു.

ആസിഫിനെ കൈലാഷിലെ നാഷണൽ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിച്ചെങ്കിലും ഡോക്ടർമാർ മരണം സംഭവിച്ചിരുന്നു. പ്രതി മുമ്പും തൻറെ ഭർത്താവിനെ കൊല്ലാൻ ശ്രമിച്ചിട്ടുണ്ടെന്ന് ആസിഫിൻറെ ഭാര്യ ആരോപിക്കുന്നു.

# കായംകുളത്ത് 50 ഗ്രാം ഹെറോയിനുമായി ഇതര സംസ്ഥാന തൊഴിലാളി അറസ്റ്റിൽ

ആലപ്പുഴ: കായംകുളത്ത് 50 ഗ്രാം ഹെറോയിനുമായി ഇതര സംസ്ഥാന തൊഴിലാളിയെ അറസ്റ്റ് ചെയ്തു. പശ്ചിമ ബംഗാൾ മാൾഡാ സ്വദേശിയായ അമീർ (28) ആണ് അറസ്റ്റിലായത്. കായംകുളം പൊലീസും ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ചേർന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്. അമീർ ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഹെറോയിൻ കൊണ്ടുവന്ന് കായംകുളം കേന്ദ്രീകരിച്ച് വിൽപ്പന നടത്തുന്നുവെന്ന രഹസ്യ വിവരം പോലീസിന് ലഭിച്ചിരുന്നു.

ഐക്യ ജംഗ്ഷന് പഠിഞ്ഞാറ് ഭാഗത്ത് നടത്തിയ പരിശോധനയിലാണ് പ്രതി പിടിയിലായത്. അമീർ നാട്ടിൽ നിന്ന് വൻ തോതിൽ ഹെറോയിൻ കൊണ്ടുവന്ന ശേഷം കായംകുളത്ത് ചെറുപായ്ക്കറ്റുകളാക്കി വിൽപ്പന നടത്തുകയായിരുന്നു. ഇത് പ്രധാനമായും കായംകുളംകൊല്ലം ബോർഡറിൽ താമസിക്കുന്ന മറ്റ് അന്യസംസ്ഥാന തൊഴിലാളികളിലേക്കാണ് എത്തിച്ചതെന്ന് പോലീസ് അറിയിച്ചു.

# പ്രിൻ്റിംഗ് ടെക്നോളജി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെൻ്റർ ഫോർ അഡ്വാൻസ്ഡ് പ്രിൻ്റിംഗ് ആൻഡ് ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിക്കുന്ന കേരള സർക്കാർ അംഗീകാരമുള്ള ഒരു വർഷ കെജി.ടി.ഇ പ്രീ-പ്രസ് ഓപ്പറേഷൻസ്, കെജി.ടി.ഇ പ്രസ് വർക്ക്, കെജി.ടി.ഇ പോസ്റ്റ്-പ്രസ് ഓപ്പറേഷൻസ് & ഫിനിഷിംഗ് (പാർട്ട് ടൈം) കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം.

അപേക്ഷാഫോം 100 രൂപയ്ക്ക് സെൻ്ററിൽ നിന്ന് നേരിട്ടും / മണിഓർഡറായി 135 രൂപ മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെൻ്റർ ഫോർ അഡ്വാൻസ്ഡ് പ്രിൻ്റിംഗ് & ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെൻ്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024 എന്ന വിലാസത്തിൽ തപാലിലും / വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷ മാനേജിംഗ് ഡയറക്ടർ, സി-ആപ്റ്റിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതവും അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 18. വിശദവിവരങ്ങൾക്ക്: 0471-2474720, 0471-2467728, www.captkerala.com.

# കൗമാരക്കാരി പ്രസവിച്ചു; ഭർത്താവ് അറസ്റ്റിൽ

കണ്ണൂർ: കൗമാരക്കാരി പ്രസവിച്ച സംഭവത്തിൽ ഭർത്താവ് അറസ്റ്റിൽ. പാപ്പിനിശേരിയിൽ താമസിക്കുന്ന തമിഴ്നാട് സേലം സ്വദേശിയായ 34കാരനെയാണു വളപട്ടണം പോലീസ് കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തത്.

ഭാര്യയയും സേലം സ്വദേശിയാണ്. ബന്ധുക്കളുടെ സാന്നിധ്യത്തിൽ ആചാരപ്രകാരം സേലത്തുവച്ച് വിവാഹിതരായെന്നാണ് ഇവർ പറയുന്നത്. പിന്നീട് പാപ്പിനിശേരിയിൽ താമസമാക്കുകയായിരുന്നു. 17കാരിയായ പെൺകുട്ടി കണ്ണൂർ ഗവ. മെഡിക്കൽ കോളജിലാണ്പ്രസവിച്ചത്. ആശുപത്രി അധികൃതർ വയസ് ചോദിച്ചപ്പോൾ 17 എന്ന് പെൺകുട്ടി പറഞ്ഞതിന് പിന്നാലെ അധികൃതർ പോലീസിൽ വിവരം അറിയിക്കുകയായിരുന്നു. ആശുപത്രി അധികൃതരുടെ പരാതിപ്രകാരമാണ് പോലീസ് പോക്സോ കേസ് രജിസ്റ്റർ ചെയ്തത്. കഴിഞ്ഞ ദിവസം അറസ്റ്റിലായ ഇയാളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# താത്പര്യപത്രം ക്ഷണിച്ചു

ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി (ജിസിഡിഎ) ഔട്ട്ഡോർ അമ്യൂസ്മെന്റ് സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും അറ്റകുറ്റപ്പണി ചെയ്യുന്നതിനുമായി താത്പര്യപത്രം ക്ഷണിച്ചു. ആഗസ്റ്റ് 10ന് വൈകുന്നേരം 6 മുതൽ താത്പര്യപത്രം നൽകാം. അവസാനതീയതി ആഗസ്റ്റ് 20 വൈകുന്നേരം 6 വരെ. കൂടുതൽ വിവരങ്ങൾക്ക് ജിസിഡിഎ സീനിയർ ടൗൺ പ്ലാനറുടെ ഓഫീസുമായി ബന്ധപ്പെടണം.

# ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (BHMCT) പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ടുമെൻറ് പ്രസിദ്ധീകരിച്ചു

ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി 2025-26 കോഴ്സിലേക്ക് അപേക്ഷ സമർപ്പിച്ചവരുടെ രണ്ടാം ഘട്ട അലോട്ട്മെന്റ് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ ടോക്കൺ ഫീസ് അടച്ചതിനുശേഷം ലഭിക്കുന്ന അലോട്ട്മെന്റ് മെമ്മോ സഹിതം ആഗസ്റ്റ് 11 വരെ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ അസ്സൽ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്. ടോക്കൺ ഫീസ് അടയ്ക്കാത്തവരുടെ അലോട്ട്മെന്റ് നഷ്ടപ്പെടും. അലോട്ട്മെന്റ് വിവരങ്ങൾ വെബ്സൈറ്റിലും വിദ്യാർത്ഥികളുടെ ലോഗിനിലും ലഭ്യമാണ്.

ഇതോടൊപ്പം തന്നെ പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ, ഇതുവരെ അലോട്ട്മെന്റ് ലഭിച്ചതും ലഭിക്കാത്തതുമായ എല്ലാപേർക്കും സ്പെഷ്യൽ അലോട്ട്മെന്റിൽ പരിഗണിക്കപ്പെടാൻ ഓൺലൈൻ ഓപ്ഷൻ സമർപ്പിക്കാനുള്ള അവസരം ആഗസ്റ്റ് 08 മുതൽ 12 വരെ (രാവിലെ 11 വരെ) ലഭ്യമാണ്. എൽ.ബി.എസ് നടത്തിയ മുൻ അലോട്ട്മെന്റുകളിൽ സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടിയ അപേക്ഷകർ പ്രവേശനം നേടിയ കോളേജിൽ നിന്നും ഈ അലോട്ട്മെന്റിൽ പങ്കെടുക്കാൻ അനുവദിച്ചുകൊണ്ടുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഓപ്ഷൻ സമർപ്പണ സമയത്ത് നിർബന്ധമായും ഓൺലൈനായി സമർപ്പിക്കണം. എല്ലാ വിഭാഗക്കാർക്കും ഈ അലോട്ട്മെന്റിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396, 2560361, 2560327.

## ഐടിഐ പ്രവേശനം

വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കഴക്കൂട്ടം ഗവ. വനിത ഐടിഐയിൽ ഏതാനും ട്രേഡുകളിൽ ഒഴിവുണ്ട്. ഓഫ്‌ലൈൻ ആയി ആഗസ്റ്റ് 19 വരെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ഫീസ് 100 രൂപ. താത്പര്യമുള്ളവർ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവയുമായി ആഗസ്റ്റ് 20ന് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി കഴക്കൂട്ടം ഗവ വനിത ഐ.ടി.ഐയിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്.

# സ്വച്ഛതാ ഗ്രീൻ ലീഫ് റേറ്റിംഗ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

കേന്ദ്രടൂറിസം മന്ത്രാലയവും സ്വച്ഛ് ഭാരത് മിഷനും ഗ്രാമീണമേഖലകളിൽ മികച്ച ആതിഥേയ സേവനം ലഭ്യമാക്കുന്ന ഹോട്ടലുകൾ, റസ്റ്ററന്റുകൾ, ഹോം സ്റ്റേകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സ്വച്ഛതാ ഗ്രീൻ ലീഫ് റേറ്റിംഗ് ജില്ലയിൽ 38 സ്ഥാപനങ്ങൾക്ക് ലഭിച്ചു.

ലീഫ് റേറ്റിംഗ് നേടിയ സ്ഥാപനങ്ങൾക്കുള്ള ഗ്രീൻ ലീഫ് സർട്ടിഫിക്കറ്റുകൾ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. ശൈലജ ബീഗം വിതരണം ചെയ്തു. ആറ് സ്ഥാപങ്ങൾക്ക് ഫൈവ് ലീഫും 19 സ്ഥാപങ്ങൾക്ക് ത്രീ ലീഫും, 13 സ്ഥാപനങ്ങൾ വൺ ലീഫും ലഭിച്ചു.രാജ്യത്തെ ഹോട്ടലുകൾ, റസ്റ്ററന്റുകൾ, ലോഡ്ജുകൾ എന്നിവയുടെ ശുചിമുറി മാലിന്യ സംസ്കരണ സംവിധാനം, ദ്രവ്യമാലിന്യ സംസ്കരണ സംവിധാനം, ഖരമാലിന്യ സംസ്കരണം എന്നിവ വിലയിരുത്തി, ഫൈവ് ലീഫ് സ്റ്റാറ്റസ്, ത്രീ ലീഫ് സ്റ്റാറ്റസ്, വൺ ലീഫ് സ്റ്റാറ്റസ് എന്നിങ്ങനെ തരംതിരിച്ചാണ് റേറ്റിംഗ് നൽകുന്നത്.പരിസ്ഥിതി ദിനവുമായി അനുബന്ധിച്ച് തിരുവനന്തപുരം ജില്ലാ ഭരണകൂടവും ജില്ലാ ശുചിത്വമിഷനും സംയുക്തമായി സ്കൂൾ, കോളേജ് വിദ്യാർഥികൾക്കായി നടത്തിയ റീൽസ് മത്സരങ്ങളുടെ സമ്മാനദാനവും ചടങ്ങിൽ നടന്നു.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ ജില്ലാ കളക്ടർ അനുകുമാരി അധ്യക്ഷത വഹിച്ചു. സബ് കളക്ടർ ആൽഫ്രെഡ് ഒ. വി, ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്റർ അരുൺരാജ് പി. എൻ എന്നിവർ പങ്കെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഡോ. ഹാരിസിൻറെ മേൽ ഒരുതരി മണ്ണ് വീഴാൻ സമ്മതിക്കില്ല: വി.ഡി. സതീശൻ

തൃശൂർ: തിരുവനന്തപുരം മെഡിക്കൽ കോളജിൽ ശസ്ത്രക്രിയ ഉപകരണം കാണാതായതുമായി ബന്ധപ്പെട്ട വിവാദത്തിൽ ആരോഗ്യമന്ത്രി വീണാ ജോർജിനെതിരെ രൂക്ഷവിമർശനവുമായി പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ.

ആരോഗ്യപ്രവർത്തകരുടെ വായടപ്പിക്കാൻ ആരോഗ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഗൂഢാലോചനയാണ് ഇന്ന് പ്രിൻസിപ്പൽ നടത്തിയ പത്രസമ്മേളനമെന്നും ഡോ. ഹാരിസിൻറെ മേൽ ഒരുതരി മണ്ണ് വീഴാൻ കേരളത്തിലെ പ്രതിപക്ഷം സമ്മതിക്കില്ലെന്നും വി.ഡി. സതീശൻ പറഞ്ഞു.

ആരോഗ്യകേരളം വെൻറിലേറ്ററിലാണ് എന്ന വെളിപ്പെടുത്തലാണ് ഡോ. ഹാരിസ് നടത്തിയത്. ഒരു രൂപ കൈക്കൂലി വാങ്ങാത്ത, രോഗികൾക്ക് വേണ്ടി ജീവിക്കുന്ന ഒരാളെയാണ് മോഷണക്കുറ്റത്തിൽ പ്രതിയാക്കി വേട്ടയാടാൻ ശ്രമിക്കുന്നത്. ആ ശ്രമങ്ങളെ എന്തുവില കൊടുത്തും തടയുമെന്നും പ്രതിപക്ഷ നേതാവ് വ്യക്തമാക്കി.

അമ്മൂമ്മയുടെ ആൺസുഹൃത്ത് ലഹരിക്കടിമയാക്കാൻ ശ്രമിച്ചു; ഗുരുതര വെളിപ്പെടുത്തലുമായി കൗമാരക്കാരൻ

# മുറിയിൽ കണ്ടെത്തിയത് റിപ്പയർ ചെയ്യാനെടുത്ത നെഫ്രോസ്കോപ്പ്: മെഡിക്കൽ കോളജ് പ്രിൻസിപ്പലിന് മറുപടിയുമായി ഡോ. ഹാരിസ്

തിരുവനന്തപുരം: തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിൻറെ ആരോപണത്തിന് മറുപടിയുമായി ഡോ. ഹാരിസ് ചിറയ്ക്കൽ. തൻറെ മുറിയിൽ നിന്ന് കണ്ടെത്തിയത് നേരത്തേ ഉണ്ടായിരുന്ന നെഫ്രോസ്കോപ്പ് എന്ന ഉപകരണമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

ഉപകരണം തകരാറായപ്പോൾ റിപ്പയർ ചെയ്യാൻ വേണ്ടി എറണാകുളത്തേക്ക് അയയ്ക്കുകയായിരുന്നു. റിപ്പയർ ചെയ്യാൻ രണ്ടുലക്ഷം രൂപയാകും എന്ന് എറണാകുളത്തെ കമ്പനി അറിയിച്ചു. ഇതോടെ ഉപകരണങ്ങൾ മടക്കി അയക്കാൻ കമ്പനിയോട് ആവശ്യപ്പെട്ടു. അങ്ങനെ വന്ന ഉപകരണങ്ങളാണ് റൂമിൽ ഉണ്ടായിരുന്നതെന്നും ആ പാക്കിംഗ് കവർ ആണ് എച്ച് ഒ ഡിയുടെ വിലാസത്തിൽ അവിടെ കണ്ടതെന്നും ഡോ. ഹാരിസ് പറയുന്നു.

മെഡിക്കൽ ഓഫീസർമാരുടെ ഗ്രൂപ്പിൽ അദ്ദേഹം പങ്കുവച്ച വിശദീകരണക്കുറിപ്പിലാണ് ഇക്കാര്യമുള്ളത്.

നേരത്തേ ഡോ. ഹാരിസ് ചിറക്കലിൻറെ മുറിയിൽ നടത്തിയ പരിശോധനയിൽ ഒരു പെട്ടിയിൽ നിന്ന് ഉപകരണം കണ്ടെത്തിയതായി മെഡിക്കൽ കോളജ് പ്രിൻസിപ്പൽ പി.കെ. ജബ്ബാർ പറഞ്ഞിരുന്നു. ഡോ. ഹാരിസിൻറെ മുറിയിൽ ആരോ അതിക്രമിച്ച് കയറിയെന്നും കാണാതായ ഉപകരണം കൊണ്ടുവച്ചെന്നാണ് സംശയമെന്നുമാണ് അദ്ദേഹം പറഞ്ഞു.

ഇതിൽ കണ്ടെത്തിയ ബിൽ ഓഗസ്റ്റ് രണ്ടാം തീയതിയിലേതാണ്. മൂന്ന് വട്ടം ഡോ.ഹാരിൻറെ മുറി പരിശോധിച്ചെന്നും അദ്ദേഹം വെളിപ്പെടുത്തി. പ്രിൻസിപ്പലും സൂപ്രണ്ടും ചേർന്നാണ് ഡോ.ഹാരിസിൻറെ മുറി പരിശോധിച്ചത്.

തന്നെ കുടുക്കാൻ ശ്രമിക്കുകയാണെന്ന ഡോ. ഹാരിസിൻറെ ആരോപണത്തിലാണ് അദ്ദേഹത്തിൻറെ മുറി തുറന്ന് പരിശോധിച്ചെന്ന കാര്യം സ്ഥിരീകരിച്ച് മെഡിക്കൽ കോളജ് പ്രിൻസിപ്പലിൻറെ പ്രതികരണം.

ആദ്യ പരിശോധനയിൽ ഹാരിസിൻറെ മുറിയിൽ കാണാതായെന്ന് പറയപ്പെടുന്ന മോസിലോസ്കോപ്പ് എന്ന ഉപകരണം കണ്ടെത്താൻ സാധിച്ചിരുന്നില്ല. സർജിക്കൽ ഉപകരണങ്ങളെക്കുറിച്ച് തനിക്ക് വലിയ ധാരണയില്ലാത്തതിനാൽ സർജിക്കൽ, ടെക്നിക്കൽ ടീമുമായി വീണ്ടും പരിശോധന നടത്തി. അതിൽ ആദ്യ പരിശോധനയിൽ കാണാത്ത മറ്റൊരു പെട്ടി മുറിയിൽ കണ്ടെത്തി. എല്ലാവരുടേയും സാന്നിധ്യത്തിൽ കവർ പൊട്ടിച്ചു. അതിൽ ഉപകരണം കണ്ടെത്തി.

അതിനൊപ്പം ഉണ്ടായിരുന്ന പേപ്പറിൽ മോസിലോസ്കോപ്പ് എന്ന് എഴുതിയിരുന്നു. ഇതിനൊപ്പം കണ്ടെത്തിയ ബില്ലിൽ ഓഗസ്റ്റ് രണ്ട് എന്ന് എഴുതിയിരുന്നു. എറണാകുളത്തെ സ്ഥാപനത്തിൻറേതായിരുന്നു ബില്ലെന്നും പ്രിൻസിപ്പൽ പറഞ്ഞു.

പരിശോധനയിൽ ഹാരിസിൻറെ മുറിയിൽ ആരോ കയറി എന്ന സംശയം തോന്നിയതായും പ്രിൻസിപ്പൽ ചൂണ്ടിക്കാട്ടി. സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചപ്പോൾ ഇക്കാര്യം കണ്ടു. ചില അടയാളങ്ങൾ കണ്ടിരുന്നു. സംഭവം വിശദമായ പരിശോധിക്കേണ്ടതുണ്ടെന്നും പ്രിൻസിപ്പൽ പറഞ്ഞു.

# സൈന്യത്തിൻറെ മുന്നറിയിപ്പ് തള്ളി; ഗാസ നഗരം ഏറ്റെടുക്കാനുള്ള പദ്ധതിക്ക് ഇസ്രയേൽ സുരക്ഷാ കാബിനറ്റിൻറെ അനുമതി

ടെൽഅവീവ്: ഗാസ നഗരത്തെ ഏറ്റെടുക്കാനുള്ള പദ്ധതിക്ക് ഇസ്രയേൽ സുരക്ഷാ കാബിനറ്റ് അനുമതി നൽകിയതായി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിൻറെ ഓഫീസ്. ഗാസ മുഴുവൻ ഏറ്റെടുക്കുമെന്നായിരുന്നു നെതന്യാഹു നേരത്തെ പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ പുറത്തിറക്കിയിരിക്കുന്ന പ്രസ്താവനയിൽ കീഴടക്കുന്നത് ഗാസ സിറ്റി എന്നാണ് പറഞ്ഞിരിക്കുന്നതെന്ന് ടൈംസ് ഓഫ് ഇസ്രയേൽ റിപ്പോർട്ട് ചെയ്തു.

ഹമാസുമായുള്ള യുദ്ധം അവസാനിപ്പിക്കുന്നതിന് പകരമായി ഇസ്രയേൽ ആവശ്യപ്പെടുന്ന അഞ്ച് വ്യവസ്ഥകളുടെ ഒരു പട്ടികയെ ഭൂരിപക്ഷം മന്ത്രിസഭാംഗങ്ങളും പിന്തുണച്ചതായി പ്രധാനമന്ത്രിയുടെ ഓഫീസ് പറയുന്നു.

സുരക്ഷാ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി ഇസ്രയേൽ പ്രതിരോധ സേന (ഐഡിഎഫ്) നൽകിയ മുന്നറിയിപ്പ് തള്ളിയാണ് നെതന്യാഹുവിൻറെ നിർദേശത്തിന് ഇസ്രയേൽ സുരക്ഷാ കാബിനറ്റ് അംഗീകാരം നൽകിയിരിക്കുന്നത്.

ഗാസ മുനമ്പ് പിടിച്ചടക്കുന്നത് ഒരു മാനുഷിക ദുരന്തത്തിലേക്ക് നയിക്കുമെന്നും ബന്ദികളുടെ ജീവൻ അപകടത്തിലാക്കുമെന്നും ഐഡിഎഫ് ചീഫ് ഓഫ് സ്റ്റാഫ് ഇയാൽ സമീർ മുന്നറിയിപ്പ് നൽകിയിരുന്നു. ഇതോടെയാണ്, ഗാസ മൊത്തം കീഴടക്കുക എന്നതിനു പകരം ഗാസ സിറ്റി എന്നതിലേക്ക് മാത്രമായി തീരുമാനിച്ചതെന്നും സൂചനയുണ്ട്.

അതേസമയം, ഗാസയുടെ സമ്പൂർണ്ണ നിയന്ത്രണം ഇസ്രയേൽ ഏറ്റെടുക്കുമെങ്കിലും അവിടം ഭരിക്കാൻ ഇസ്രയേലിന് ഉദ്ദേശ്യമില്ലെന്ന് ബെഞ്ചമിൻ നെതന്യാഹു കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. നിലവിൽ ഗാസയുടെ 75 ശതമാനം ഭാഗങ്ങളും ഇസ്രയേൽ പ്രതിരോധ സേനയുടെ നിയന്ത്രണത്തിലാണ്.

ഇതിനിടെ, സൈനികനടപടി തുടരുന്നതിനെ എതിർത്ത് ഇസ്രയേലിൽ അഭിപ്രായവോട്ടെടുപ്പുകൾ തുടങ്ങി.

# നൂറനാട് പിതാവും രണ്ടാനമ്മയും മർദിച്ച് നാലാം ക്ലാസുകാരിയുടെ സംരക്ഷണം മുത്തശിക്ക്

ആലപ്പുഴ: നൂറനാട് പിതാവും രണ്ടാനമ്മയും ചേർന്ന് മർദിച്ച നാലാം ക്ലാസുകാരിയുടെ സംരക്ഷണം മുത്തശിക്ക്.

സിഡബ്ല്യൂസി സംരക്ഷണം നൽകാമെന്ന് അറിയിച്ചെങ്കിലും മുത്തശിക്കൊപ്പം നിന്നോളാമെന്നും അച്ഛനോട് ഇനി ഉപദ്രവിക്കരുതെന്ന് പറഞ്ഞാൽ മതിയെന്നും കുട്ടി സിഡബ്ല്യൂസിയെ അറിയിച്ചതിനെ തുടർന്നാണിത്.

ഔദ്യോഗിക പത്രം മുത്തശി ഏറ്റുവാങ്ങി. മികച്ച വിദ്യാഭ്യാസം നൽകി കുട്ടിയെ വളർത്തുമെന്ന് മുത്തശി ഉറപ്പ് നൽകിയതായി സിഡബ്ല്യൂസി ചെയർപെഴസൺ സതീദേവി അറിയിച്ചു.

കുട്ടിക്ക് നീതി ഉറപ്പാക്കുമെന്ന് വിദ്യാഭ്യാസ മന്ത്രിയും പ്രതികരിച്ചു. ഇതിനു പിന്നാലെയാണ് ബാലാവകാശ കമ്മീഷനും സ്വമേധയാ കേസെടുത്തിരിക്കുന്നത്.

സംഭവത്തിൽ വിശദമായ അന്വേഷണം നടത്തി ഏഴു ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകാനാണ് ശിശുക്ഷേമ സമിതി ജില്ലാ ഓഫീസറോടും നൂറനാട് പോലീസിനോടും ബാലാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ളത്.

സംഭവത്തിനുശേഷം ആദിക്കാട്ടുകുളങ്ങരയിലെ ബന്ധുവീട്ടിലെത്തിച്ച കുട്ടിയെ പ്രതിയായ പിതാവ് വീണ്ടും ആക്രമിക്കാൻ ശ്രമിച്ചിരുന്നു. ഇതോടെയാണ് കൊല്ലം ശൂരനാടുള്ള കുടുംബവീട്ടിലേക്ക് കുട്ടിയെ മാറ്റിയത്.

പ്രതികളെ പിടികൂടാത്തതിനാൽ ബന്ധു വീടുകളിൽ താമസിപ്പിക്കുന്നത് സുരക്ഷിതമല്ലന്നാണ് വിലയിരുത്തൽ. പ്രതികളായ മാതാപിതാക്കളെ പിടികൂടാൻ ആലപ്പുഴ എസ്പി മോഹനചന്ദ്രൻ നായരുടെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയോഗിച്ചു.

നൂറനാട് എസ് എച്ച് ഒ ശ്രീകുമാർ നേതൃത്വം നൽകുന്ന എട്ടംഗ സംഘം പ്രതികൾക്കായി അന്വേഷണം ഊർജിതമാക്കിയിരിക്കുകയാണ്.

# അത്തപ്പൂക്കള മത്സരം സംഘടിപ്പിക്കുന്നു

ടൂറിസം വകുപ്പ് നടത്തുന്ന ഓണാഘോഷം -2025 ന്റെ ഭാഗമായി സെപ്റ്റംബർ നാലിന് അത്തപ്പൂക്കള മത്സരം സംഘടിപ്പിക്കുന്നു. ആദ്യത്തെ മൂന്ന് വിജയികൾക്ക് യഥാക്രമം 20,000, 15,000, 10,000 രൂപ ക്യാഷ് പ്രൈസും നൽകുന്നു. മികച്ച രീതിയിൽ പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനമായി 2,000 രൂപ വീതം നൽകുന്നതാണ്. കൂടാതെ മാധ്യമ സ്ഥാപനങ്ങൾക്ക് ഇതേ രീതിയിൽ 20,000, 15,000, 10,000 രൂപ ക്യാഷ് പ്രൈസും പ്രോത്സാഹന സമ്മാനമായി 2,000 രൂപ വീതവും നൽകുന്നതാണ്.

കലാസാംസ്കാരിക സംഘടനകൾ, വായനശാലകൾ, ക്ലബ്ബുകൾ, റസിഡന്റ് അസോസിയേഷനുകൾ, വിദ്യാലയങ്ങൾ, കലാലയങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഇതര സർക്കാർ റിക്രിയേഷൻ ക്ലബ്ബുകൾ തുടങ്ങിയ സംഘടനകൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

താത്പര്യമുള്ളവർ ആഗസ്റ്റ് 29ന് മുമ്പായി മ്യൂസിയത്തിന് എതിർവശത്തുള്ള ടൂറിസം വകുപ്പ് ഡയറക്ടറേറ്റിൽ നേരിട്ടോ, ടെലഫോൺ മുഖേനയോ പേര് രജിസ്റ്റർ ചെയ്യേതാണ്. വിശദവിവരങ്ങൾക്ക് 9846577428, 9188262461

# വിനായകൻ പൊതുശല്യമായി മാറുന്നു, സർക്കാർ പിടിച്ചുകെട്ടി ചികിത്സിക്കണം: മുഹമ്മദ് ഷിയാസ്

കൊച്ചി: നടൻ വിനായകനെതിരേ രൂക്ഷവിമർശനവുമായി എറണാകുളം ഡിസിസി പ്രസിഡൻറ് മുഹമ്മദ് ഷിയാസ്. വിനായകൻ ഒരു പൊതു ശല്യമായി മാറുന്നുവെന്നും സർക്കാർ പിടിച്ചുകെട്ടി കൊണ്ടുപോയി ചികിത്സിക്കണമെന്നും അദ്ദേഹം പറഞ്ഞു.

വിനായകൻ ലഹരി ഉപയോഗിച്ചിട്ടാണ് ഇതെല്ലാം പറയുന്നത്. അദ്ദേഹം താമസിക്കുന്ന ഫ്ലാറ്റിൽ തന്നെ പ്രശ്നമുണ്ടാക്കിയിരുന്നു. തുണിയുരിഞ്ഞ് പച്ചത്തെറി പറയുന്ന വിഡിയോ സമൂഹ മാധ്യമങ്ങളിലൂടെ കാണാനും കേൾക്കാനും ഇടയായി. ശക്തമായ നിയമ നടപടി സ്വീകരിക്കണം.

ഇത്തരത്തിൽ മാനസിക വിഭ്രാന്തി കാണിക്കുന്ന ആളുകൾക്ക് എന്തു ചികിത്സയാണോ വേണ്ടത്, അതു കൊടുക്കുക. എല്ലാം ചെയ്തു കഴിഞ്ഞിട്ട് സോറി പറഞ്ഞിട്ട് കാര്യമില്ല. ഇതിങ്ങനെ നിരന്തരം ആവർത്തിച്ച് എല്ലാവർക്കും ഒരു തലവേദനയായി മാറുമ്പോൾ ജനം ഇവരെ ജനം തെരുവിൽ നേരിടേണ്ട അവസ്ഥയാകുമെന്നും ഷിയാസ് കൂട്ടിച്ചേർത്തു.

ലഹരിക്കേസുകളിൽപ്പെടുന്ന താരങ്ങൾക്ക് വലിയ പരിരക്ഷയാണ് സർക്കാരും പൊതുസമൂഹവും നൽകുന്നത്. അവരെ ആരാധിക്കുന്നവർക്ക് തെറ്റായ സന്ദേശം നൽകും. തനിക്ക് തെറ്റുപറ്റിയതായി വേടൻ ഏറ്റു പറഞ്ഞു. എന്നാൽ എത്രപേർക്ക് അതിന് കഴിയും. സിനിമാ മേഖലയിലുള്ളവർ ഗൗരവമായി ചിന്തിക്കേണ്ടതാണെന്നും ഷിയാസ് പറഞ്ഞു.

# താരിഫ് ഭീഷണിയെ ഒന്നിച്ച് നേരിടാം'; ബ്രസീൽ പ്രസിഡൻറുമായി ഫോണിൽ സംസാരിച്ച് പ്രധാനമന്ത്രി

ന്യൂഡൽഹി: അമേരിക്കയുടെ താരിഫ് ഭീഷണിക്കിടെ ബ്രസീൽ പ്രസിഡൻറുമായി ഫോണിൽ സംസാരിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

പ്രാദേശിക, ആഗോള വിഷയങ്ങളിൽ ചർച്ചയായി. വ്യാപാരം സാങ്കേതികവിദ്യ ഊർജ്ജം തുടങ്ങി ഇരു രാജ്യങ്ങളും തമ്മിലുള്ള ധാരണകളും ചർച്ച ചെയ്തു. വിവിധ മേഖലകളിലെ പങ്കാളിത്തം കൂടുതൽ ആഴത്തിൽ ആക്കാൻ പ്രതിജ്ഞാബദ്ധരാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

ആഗോള ദക്ഷിണ രാഷ്ട്രങ്ങൾ തമ്മിലുള്ള ശക്തമായ പങ്കാളിത്തം എല്ലാവർക്കും പ്രയോജനകരമാണെന്നും പ്രധാനമന്ത്രി എക്സ്പോസ്റ്റിൽ കുറിച്ചു.

താരിഫ് ചുമത്തിയ അമേരിക്കയുടെ നടപടി പ്രധാനമന്ത്രിയുമായി ചർച്ചയായി എന്നും അമേരിക്കയുടെ നടപടി ഒരുമിച്ച് നേരിടാം എന്നും ബ്രസീൽ പ്രസിഡൻറ് ബ്രസീലിയൻ ലൂയിസ് ഇനാസിയോ ലുല ദ സിൽവ വ്യക്തമാക്കി.

യുഎസ് തീരുവ ഉയർത്തിയ രണ്ട് രാജ്യങ്ങളാണ് ബ്രസീലും ഇന്ത്യയും. അടുത്തവർഷം ബ്രസീൽ പ്രസിഡൻറ് ഇന്ത്യ സന്ദർശിച്ചേക്കുമെന്നാണ് വിവരം.

## അപേക്ഷ ക്ഷണിച്ചു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള പദ്ധതികളും ജനപക്ഷ പ്രവർത്തനങ്ങളും പരസ്യപ്പെടുത്തുന്നതിന് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് എംപാനൽ ചെയ്തിട്ടുള്ള പരിചയ സമ്പന്നരായ മുൻനിര ഏജൻസികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വകുപ്പ് പ്രവർത്തനങ്ങളുടെ വീഡിയോ, ആഡിയോ, പോസ്റ്റർ, സോഷ്യൽ മീഡിയ, പത്ര പരസ്യങ്ങൾ എന്നീ പ്രചരണ സാമഗ്രികൾ തയ്യാറാക്കണം. തിരഞ്ഞെടുക്കുന്ന ഏജൻസി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ അനുബന്ധ ഏജൻസിയായി പ്രവർത്തിക്കണം. അംഗീകൃത ഏജൻസികൾ തങ്ങളുടെ പ്രവർത്തി പരിചയം തെളിയിക്കുന്ന പ്രചരണ സാമഗ്രികൾ, ഏജൻസിയുടെ ഒരു വർഷത്തെ ബാലൻസ് ഷീറ്റ്, മാൻ പവർ, പ്രതീക്ഷിത ചെലവ് എന്നിവ സഹിതം അപേക്ഷകൾ ആഗസ്റ്റ് 14 ന് ഉച്ച തിരിഞ്ഞ് 4 ന് മുമ്പായി ചീഫ് ഓഫീസർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, എൽ.എസ്.ജി.ഡി, നന്തൻകോട്, തിരുവനന്തപുരം എന്ന വിലാസത്തിൽ എത്തിക്കണം.

## ലോ ഓഫീസർ ഒഴിവ്

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ കരാറടിസ്ഥാനത്തിൽ ലോ ഓഫീസറുടെ ഒരു ഒഴിവുണ്ട്. അംഗീകൃത സർവകലാശാലയിൽ നിന്നുള്ള എൽ.എൽ.ബി ബിരുദവും ബാർ കൗൺസിൽ രജിസ്ട്രേഷനും പത്ത് വർഷം പ്രവൃത്തിപരിചയവുമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ ചീഫ് എൻജിനിയർ, കെ.എസ്.ടി.പി, ടി.സി 25/3926, ശ്രീബാല ബിൽഡിങ്, കെസ്റ്റൺ റോഡ്, കവടിയാർ പി.ഒ.,

തിരുവനന്തപുരം എന്ന വിലാസത്തിൽ ആഗസ്റ്റ് 21ന് മുമ്പ് ലഭിക്കണം. വിശദവിവരങ്ങൾക്ക്:

0471-2348946,

# സ്ത്രീകളുടെ തിരോധാനം: സെബാസ്റ്റ്യനെ വീണ്ടും ചോദ്യം ചെയ്യും

കോട്ടയം: അതിരമ്പുഴ സ്വദേശിനി ജെയ്നമ്മയുടേതുൾപ്പെടെ നാലു സ്ത്രീകളുടെ തിരോധാനക്കേസിൽ കോട്ടയം ക്രൈംബ്രാഞ്ചിൻറെ കസ്റ്റഡിയിൽ വിട്ട ചേർത്തല പള്ളിപ്പുറം ചെങ്ങുംതറ സി.എം. സെബാസ്റ്റ്യ(67)നെ വീണ്ടും ചോദ്യം ചെയ്യുന്നു.

ഓഗസ്റ്റ് 12 വരെയാണ് ഏറ്റുമാനൂർ മജിസ്ട്രേറ്റ് കോടതി കസ്റ്റഡി അനുവദിച്ചിരിക്കുന്നത്. കഴിഞ്ഞ ഏഴു ദിവസമായി കോട്ടയം ക്രൈംബ്രാഞ്ച് തുടരെ ചോദ്യം ചെയ്തിട്ടും സെബാസ്റ്റ്യൻ വ്യക്തമായ മറുപടി നൽകുന്നില്ല. ഇയാൾ അന്വേഷണ സംഘത്തോടു സഹകരിക്കുന്നില്ല. സെബാസ്റ്റ്യൻറെ ഭാര്യ സുബി, ചേർത്തലയിലെ സുഹൃത്തായ റോസമ്മ എന്നിവരെ വീണ്ടും ചോദ്യംചെയ്തേക്കും.

വ്യാഴാഴ്ച രാത്രിയിൽ സെബാസ്റ്റ്യൻറെ ഭാര്യവീട്ടിൽ പോലീസ് നടത്തിയ മിന്നൽ പരിശോധനയിൽ ഇയാളുടെ കാറിൽ നിന്നു ചുറ്റിക, കത്തി, ഡീസൽ കന്നാസ്, പഴ്സ് എന്നിവ കണ്ടെത്തിയിരുന്നു. കണ്ടെടുത്ത 20 ലീറ്ററിൻറെ കന്നാസിൽ ഡീസൽ വാങ്ങിയതാണെന്ന് പോലീസ് സ്ഥിരീകരിച്ചിട്ടുണ്ട്.

വരുംദിവസങ്ങളിലും സെബാസ്റ്റ്യനുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ ക്രൈംബ്രാഞ്ച് സംഘം പരിശോധന നടത്തിയേക്കുമെന്നാണ് സൂചന. സെബാസ്റ്റ്യൻറെ പള്ളിപ്പുറത്തെ വീട്ടിൽ കണ്ടെത്തിയ അസ്ഥികളുടെ ഡിഎൻഎ ഫലം ഇന്നോ നാളെയോ അറിയാനാകും. ജെയ്നമ്മ കൊല്ലപ്പെട്ടതായി സ്ഥിരീകരിച്ചിട്ടുണ്ട്.

എന്നാൽ സെബാസ്റ്റ്യൻറെ വലയിലായശേഷം കാണാതായ ചേർത്തല സ്വദേശികളായ ബിന്ദു, ഐഷ, സിന്ധു എന്നിവരെക്കുറിച്ച് ഇപ്പോഴും വിവരമില്ല. ഇവരെയെല്ലാം സെബാസ്റ്റ്യൻ കൊലപ്പെടുത്തിയെന്നാണ് അന്വേഷണസംഘത്തിൻറെ നിഗമനം. ഡിഎൻഎ പരിശോധനയ്ക്കായി ബിന്ദുവിൻറെ സഹോദരൻ പ്രവീണിൻറെ രക്ത സാംപിൾ കൂടി പോലീസ് ശേഖരിച്ചിട്ടുണ്ട്.

ഗ്രൗണ്ട് പെനട്രേറ്റിംഗ് റഡാർ ഉപയോഗിച്ച് വ്യാഴാഴ്ച പ്രതി സെബാസ്റ്റ്യൻറെ പള്ളിപ്പുറത്തെ വീട്ടുവളപ്പിലും, സുഹൃത്ത് റോസമ്മ, കാണാതായ ബിന്ദു പത്മനാഭൻ എന്നിവരുടെ വീടുകളിലും പരിശോധന നടത്തിയിരുന്നു.

ജെയ്നമ്മയുടെ തിരോധാനക്കേസ് അന്വേഷിക്കുന്നത് കോട്ടയം ക്രൈം ബ്രാഞ്ചും ചേർത്തല സ്വദേശികളായ ബിന്ദു പത്മനാഭൻ, സിന്ധു, ഐഷ എന്നിവരുടെ തിരോധാനം അന്വേഷിക്കുന്നത് ആലപ്പുഴ ക്രൈം ബ്രാഞ്ചുമാണ്.

## ഘാനയിൽ ഹെലികോപ്റ്റർ അപകടം; രണ്ട് മന്ത്രിമാർ കൊല്ലപ്പെട്ടു

അക്ര: ഘാനയിൽ ഹെലികോപ്റ്റർ അപകടത്തിൽ മന്ത്രിമാർ കൊല്ലപ്പെട്ടു. പ്രതിരോധ, പരിസ്ഥിതി മന്ത്രിമാരായ എഡ്വേർഡ് ഒമാൻ ബോമാ, ഇബ്രാഹിം മുർത്തല മുഹമ്മദ് എന്നിവരാണ് മരിച്ചത്. അപകടത്തിൽപ്പെട്ട വ്യോമസേന ഹെലികോപ്റ്ററിൽ അഞ്ച് യാത്രക്കാരും മൂന്ന് ജീവനക്കാരുമാണ് ഉണ്ടായിരുന്നത്. അനധികൃത ഖനനവുമായി ബന്ധപ്പെട്ട പരിപാടിയിൽ പങ്കെടുക്കാൻ പോകുന്നതിനിടെയാണ് ഹെലികോപ്റ്റർ അപകടത്തിൽപ്പെട്ടത്. അശാന്തി മേഖലയിലുണ്ടായ അപകടത്തിൽ ഹെലികോപ്റ്ററിലുണ്ടായിരുന്ന എല്ലാവരും കൊല്ലപ്പെട്ടു. അപകട കാരണം കണ്ടെത്താൻ അന്വേഷണം ആരംഭിച്ചതായി ഘാന സായുധ സേന അറിയിച്ചു.

# രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തണം

സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ജില്ലയിൽ അംഗത്വമുള്ള എല്ലാ അംഗങ്ങളും തനത് സോഫ്റ്റ് വെയറിൽ (https://services.unorganisedwssb.org/index.php/home) തങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിച്ച് പൂർണമാണെന്ന് ഉറപ്പ് വരുത്തണം. ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തി അപ് ലോഡ് ചെയ്യേണ്ടതുമാണ്.

ക്ഷേമനിധി ബോർഡ് അംഗങ്ങൾക്കും നിലവിൽ അംഗത്വം മുടങ്ങിക്കിടക്കുന്ന പെൻഷൻകാർ ഒഴികെയുള്ള തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡിന്റെ ജില്ലാ ഓഫീസുകൾ മുഖേനയോ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ തൊഴിലാളികൾക്ക് സ്വന്തമായോ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാവുന്നതാണ്. ഇതിനായി ആധാർ കാർഡ് , ഒരു ഫോട്ടോ, ഒപ്പ്, ബാങ്ക് പാസ്ബുക്ക്, അംശാദായ പാസ്ബുക്കിന്റെ തുക ഒടുക്കിയ അവസാനത്തെയും പേജ് എന്നിവ ഹാജരാക്കേണ്ടതാണ്.

അതത് ക്ഷേമനിധി ബോർഡുകൾ മുഖേനയോ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ, അംഗങ്ങൾ സ്വന്തമായോ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ ഡാറ്റാ അപ്ഡേഷൻ ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

## ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു

പട്ടികജാതി വികസനവകുപ്പിന്റെ 2025-26 വർഷത്തെ പഠനമുറിനിർമ്മാണ ധനസഹായ പദ്ധതിയ്ക്ക് അപേക്ഷ ക്ഷണിച്ചു. സർക്കാർ, എയ്ഡഡ്, സ്പെഷ്യൽ, സാങ്കേതിക, കേന്ദ്രീയ വിദ്യാലയങ്ങളിൽ 5 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന, ഒരു ലക്ഷം രൂപവരെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗം വിദ്യാർഥികൾക്ക് അപേക്ഷിക്കാം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 30.

അപേക്ഷാഫോമിനും കൂടുതൽ വിവരങ്ങൾക്കും വാമനപുരം ബ്ലോക്ക് പട്ടികജാതി വികസന ആഫീസുമായി ബന്ധപ്പെടണം. കൂടുതൽ വിവരങ്ങൾക്ക്: 8547630018.

## തദ്ദേശ സ്ഥാപനങ്ങൾ 9,10 തീയതികളിൽ പ്രവർത്തിക്കും

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർ പട്ടിക പുതുക്കൽ നടപടികൾ തുടർന്നുവരുന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആഗസ്റ്റ് 9, 10 തീയതികളിൽ തുറന്ന് പ്രവർത്തിക്കും.

വോട്ടർ പട്ടിക സംബന്ധിച്ച നിരവധി അപേക്ഷകൾ/ആക്ഷേപങ്ങൾ ലഭിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നതിനാണ് തദ്ദേശ സ്ഥാപനങ്ങൾ അവധി ദിവസങ്ങളിൽ പ്രവർത്തിക്കുന്നത്.

## തിരുവാതിര മത്സരം സംഘടിപ്പിക്കുന്നു

ടൂറിസം വകുപ്പ് നടത്തുന്ന ഓണാഘോഷം-2025 ന്റെ ഭാഗമായി സെപ്റ്റംബർ മൂന്നിന് തിരുവാതിര മത്സരം സംഘടിപ്പിക്കുന്നു. ആദ്യത്തെ മൂന്ന് വിജയികൾക്ക് യഥാക്രമം 20,000, 15,000, 10,000 രൂപ ക്യാഷ് പ്രൈസും നൽകും. മികച്ച രീതിയിൽ പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനമായി 3,000 രൂപ വീതം നൽകുന്നതാണ്. കലാസാംസ്കാരിക സംഘടനകൾ, വായനശാലകൾ, ക്ലബ്ബുകൾ, റസിഡന്റ് അസോസിയേഷനുകൾ, വിദ്യാലയങ്ങൾ, കലാലയങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഇതര സർക്കാർ റിക്രിയേഷൻ ക്ലബ്ബുകൾ തുടങ്ങിയ സംഘടനകൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

താത്പര്യമുള്ളവർ ആഗസ്റ്റ് 28ന് മുമ്പായി മ്യൂസിയത്തിന് എതിർവശത്തുള്ള ടൂറിസം വകുപ്പ് ഡയറക്ടറേറ്റിൽ നേരിട്ടോ, ടെലഫോൺ മുഖേനയോ പേര് രജിസ്റ്റർ ചെയ്യേതാണ്. കൂടുതൽ വിവരങ്ങൾക്ക് 9846577428, 9188262461.